4107
M78x
7:41.544
K8
4134

Digitized By Kerala Sahitya Akademi

# അല്ലാഹ്

വള്ളത്തോൾ

Digitized By Kerala Sahitya Akademi

ALLAHU
അല്ലാഹ്
വള്ളത്തോൾ
കോപ്പി 1000
വില 1-50
1968 മാർച്ച്
പകർപ്പവകാശം:
സി. ദിലീപ്കുമാറിന്ന്
പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി
കവർചിത്രം
രാജഗോപാൽ &
രാജഗോപാൽ കല്ലൂട്ട.
ബ്ലോക്ക് - ശങ്കർ ബ്ലോക്സ്, തൃശ്ശൂർ
അച്ചടി:
വള്ളത്തോൾ പ്രിന്റിങ്ങ് &
പബ്ലിഷിങ്ങ് ഹൌസ്
ചെറുതുരുത്തി.

Digitized By Kerala Sahitya Akademi

# വള്ളത്തോൾക്കവിതയിലെ
# മുസ്ലിം ഇതിവൃത്തങ്ങൾ

പ്രാചീനകാലം മുതല്ക്കുതന്നേ നാനാവിധസംസ്കാരങ്ങളുടെ കേളീരംഗമാണ് നമ്മുടെ ഭാരതം—'എവിടെ നിന്നെല്ലാം എത്രയെത്ര സരിത്തുകളാണ് അനർഗ്ഗളം പ്രവഹിച്ച് ഭാരതസമുദ്രത്തിൽ വിലയം പ്രാപിച്ചിട്ടുള്ളത്'! പുഷ്പങ്ങളുടെ വർണ്ണവൈവിധ്യവും രൂപവൈചിത്ര്യവും ഉദ്യാനത്തിന് സൗന്ദര്യം വർദ്ധിപ്പിക്കുന്നതുപോലെ ഭാരതത്തിലെ വിവിധ സംസ്കാരങ്ങളും സമുദായങ്ങളും അതിന്റെ മഹിമയ്ക്കു മാററുകൂട്ടുന്നു. ആ നാനാത്വത്തിലൂടെയുള്ള ഏകത്വമാണ് ഭാരതത്തിന്റെ ലോകോത്തരമായ നേട്ടം. നൂററാണ്ടുകളായി ഇവിടെ സൗഹാർദ്ദത്തോടേ അധിവസിച്ചുപോരുന്ന വിവിധജാതിമതസ്ഥർ ഈ രാജ്യത്തിന്റെ വൈജ്ഞാനികവും ആദ്ധ്യാത്മികവും സാമൂഹ്യവും സാംസ്കാരികവുമായ സമ്പന്നതയെ തളർത്തുകയല്ല, വളർത്തുകയാണ് ചെയ്തിട്ടുള്ളത്. അവരുടെയിടയിലുള്ള സാമുദായികരഞ്ജിപ്പ് ഭഞ്ജിക്കപ്പെട്ട ഒരൊററ സംഭവവും ബ്രിട്ടീഷുവാഴ്ചയുടെ ഹരിശ്രീ കുറിക്കുന്നതുവരെയ്ക്കും ഇവിടെയുണ്ടായിട്ടില്ലെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. ബ്രിട്ടീഷുഭരണം സ്ഥാപിതമാകുന്നതി

Digitized By Kerala Sahitya Akademi

അമുമ്പു് നാട്ടിൽ യുദ്ധങ്ങളോ, കലഹങ്ങളോ നടന്നിട്ടില്ലെന്നല്ല ഇവിടെ വിവക്ഷ. രാഷ്ട്രീയമായ ഉദ്ദേശത്തോടെ ഹിന്ദുമുസ്ലിം രാജാക്കന്മാർ തമ്മിൽ സമരം നടന്നിട്ടുണ്ടെങ്കിൽ, അതേ ഉദ്ദേശത്തോടെ മുസ്ലിം രാജാക്കന്മാർ തമ്മിലും പോരാടീട്ടുണ്ടു്. ഇബ്രാഹിംലോഡിയെ പരാജയപ്പെടുത്തീട്ടാണു് ബാബർ മുഗൾസാമ്രാജ്യത്തിനു തറക്കല്ലിട്ടതു്. ഘസനീമുഹമ്മദ് സോമനാഥക്ഷേത്രം കൊള്ളയടിച്ചിട്ടുണ്ടെങ്കിൽ (ഈ സംഭവത്തെതന്നെയും ചില ചരിത്രകാരന്മാർ നിഷേധിച്ചിട്ടുണ്ടു്) ഷാജഹാൻെറ മയൂരസിംഹാസനം നാദിർഷാ അപഹരിച്ചു പേർഷ്യയിലേയ്ക്കു കടത്തിവിട്ടിട്ടുണ്ടു്. ഹിന്ദുരാജാക്കന്മാരോടു യുദ്ധം ചെയ്ത ഔറംഗസീബ് മുസ്ലിം രാജ്യങ്ങളായ ബിജാപ്പൂരിനെയും ഗോൾക്കൊണ്ടയേയും ആക്രമിക്കാതിരുന്നില്ല. മേൽ പറഞ്ഞ പോരാട്ടങ്ങളൊന്നും സാമുദായികമോ മതപരമോ ആയിരുന്നില്ലെന്നു തീർച്ചയാണു്. അത്തരം സമരങ്ങൾ സാമാന്യജനങ്ങളെ ബാധിക്കയോ അവമൂലം സാമുദായികമൈത്രിക്കു് ഉലച്ചൽ തട്ടുകയോ ചെയ്തിരുന്നില്ല. അങ്ങനെ ശാശ്വതമായി നിലനിന്നുപോരുന്ന സാമുദായികൈക്യത്തിൻെറ പ്രശാന്തമായ അന്തരീക്ഷത്തെ താറുമാറാക്കിത്തീർത്താൽ മാത്രമേ തങ്ങളുടെ ആധിപത്യത്തിൻെറ വിജയവൈജയന്തി പരത്തുക സാദ്ധ്യമാകൂ എന്നു് മനസ്സിലാക്കിയ ആംഗലതന്ത്രജ്ഞന്മാർ ഇവിടെ ഭിന്നതയുടെ വിത്തു വിതയ്ക്കുവാൻ ഒട്ടും താമസിച്ചില്ല. അതു് അചിരേണ തഴച്ചുവളർന്നതിൻെറ ഫലമായി നാട്ടിൽ കൂടെക്കൂടെ വമ്പിച്ച തോതിൽ സാമുദായിക കലാപ

Digitized By Kerala Sahitya Akademi

ങ്ങറം നടക്കകയുണ്ടായി. സ്വാതന്ത്ര്യലബ്ധിക്ക വിലങ്ങുതടിയായി നിന്ന ഈ അനൈക്യത്തിന്റെ മൂലകാരണം ഗ്രഹിച്ച ദേശീയനേതാക്കറം സാമുദായികൈക്യത്തിനായി ഭാരതീയരെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നപ്പോറം അതിനുവേണ്ടി സാഹിത്യത്തിലൂടേ കാഹളം മുഴക്കവാൻ ആദ്യമായി മുന്നോട്ടുവന്നതു് മഹാകവികളായ ടാഗൂറും ഇഖ്ബാലുമാണു്. കേരളത്തെ സംബന്ധിച്ചേടത്തോളം ആ ദേശീയബോധം മഹാകവി വള്ളത്തോളിനു മാത്രമേ ഉണ്ടായിട്ടുള്ളൂ. പരമതവിദ്വേഷത്തിന്റെ ചെന്തീയിൽ ഒരന്യസമുദായത്തെ ഇട്ടു് ദഹിപ്പിച്ചു് അതിന്റെ ചാരംകൊണ്ടു സ്വസമുദായവൃക്ഷത്തിനു് വളംചേക്കവാനുതകുന്ന സാഹിത്യസൃഷ്ടികറം നമ്മുടെ ഭാഷയിൽത്തന്നെ ഉണ്ടായിട്ടുണ്ടു്. അവയെ അരികിൽവെച്ചുകൊണ്ടു മഹാകവി വള്ളത്തോളിന്റെ കൃതികറം പരിശോധിക്കമ്പോഴാണു് അദ്ദേഹത്തിന്റെ വിശാലമനസ്കതയും മതസഹിഷ്ണുതയും ഇതരമതാചാര്യന്മാരോടുള്ള സമാദരവും സർവ്വസമുദായമൈത്രിക്കായുള്ള അടങ്ങാത്ത അഭിവാഞ്ഛയും സുതരാം വ്യക്തമാവുക.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നല്കുന്നതിനു് പ്രതിബന്ധമായി ഹിന്ദുമുസ്ലീം പോരാട്ടങ്ങളെ എടുത്തു പൊക്കിക്കാണിക്കുന്നവർക്കു് വള്ളത്തോറം നല്കുന്ന മറുപടി എത്ര സമുചിതമായിരിക്കുന്നു!

“തങ്ങളിൽത്തല്ലിയിരമ്പുന്നു, വാസ്തവം
തന്നേ, കടലിൽപ്പലതരമൂർമ്മികറം:

Digitized By Kerala Sahitya Akademi

എന്നാലതേ പൊഴുതന്യോന്യമുള്ളോർ
വെൺനരചാർത്താൽ ചിരിപ്പതും കാണ്മൂ നാം.”
“ജാതിമതാദിവഴക്കൊരു നാടിനെ
സ്വാതന്ത്ര്യലബ്ധിയ്ക്കനർഹമാക്കീടുമോ?
സോദരർ തമ്മിലെപ്പോരൊരു പോരല്ല,
സൌഹൃദത്തിൻെറ കലങ്ങിമറിയലാം.”

മാത്രമോ? ഭാരതത്തിൻെറ വലമിടംകൈകൾ പരസ്പരം പൊരുതി ചിന്തുന്ന ചെഞ്ചോരയിൽപ്പോലും മഹാകവി, ഭാരതത്തിൻെറ ആസന്നമായ സ്വാതന്ത്ര്യോദയത്തിൻെറ തുടുപ്പു കാണുന്നു. ഇത്രയുംകൊണ്ടു വള്ളത്തോൾ തൃപ്തിയടയുന്നില്ല. ആംഗ്ലേയചരിത്രകാരന്മാർ ഇസ്ലാംമതപ്രവാചകനായ മുഹമ്മദ്നബിയേയും മുസ്ലിംരാജാക്കന്മാരേയും നീചന്മാരും ദുഷ്ടന്മാരുമായി ചിത്രീകരിച്ചെഴുതിയ കല്പിതകഥകൾ വഴി അമുസ്ലിംകൾ വെച്ചുപുലർത്തുന്ന തെറ്റിദ്ധാരണകൾ അകറ്റുന്നതിന്നു് മുസ്ലിം ഇതിവൃത്തങ്ങൾ സ്വീകരിച്ചുകൊണ്ടു വിരചിച്ച കവിതകളിൽ നബിയുടെ മഹത്വം, സ്വഭാവവൈശിഷ്ട്യം, ധീരത, ക്ഷമ, മുസ്ലിംചക്രവർത്തിമാരുടെ നീതിനിഷ്ഠ, ദീനാനുകമ്പ തുടങ്ങിയ സദ്ഗുണങ്ങളെ അദ്ദേഹം വർണ്ണിക്കുകകൂടി ചെയ്യുന്നു.

ഒരു യാത്രയിൽനിന്നു മദീനയിലേയ്ക്കു തിരിച്ചു പോരുന്ന മുഹമ്മദ്നബി ഉഷ്ണാധിക്യംകൊണ്ടു ക്ഷീണിച്ചു് ഒരു മരത്തണലിൽ വിശ്രമിക്കുമ്പോൾ അവിടുത്തെ വധിക്കാൻ ഒരു ശത്രു ചെയ്യുന്ന വൃഥാശ്രമത്തെ വർണ്ണിക്കുന്നതാണു് ‘അ

Digitized By Kerala Sahitya Akademi

ല്ലാഹ്" എന്ന കവിത. അവിടെ ലോകത്തിന്റെ ഇരുട്ടക റ്റുവാൻ ഭൂമിയിലുദിച്ച സൂര്യനായിട്ടാണ് നബിയെ കവി കാണുന്നത്.

"ചിരപ്രവൃദ്ധമാം തമസ്സകറ്റുവാൻ
ധരയിലെയ്ക്കീശൻ നിയോഗിച്ച സൂര്യൻ
ദിവി [illegible]പ്പെട്ട പുരാണസൂര്യനാൽ
[illegible] [illegible] തപിപ്പിക്കപ്പെട്ട."

വൃക്ഷത്തണലിൽ വിശ്രമിക്കുന്ന നബിയെ സംസാരോഗ്രജ്വരത്തെ പിന്നിട്ട് ചിദാനന്ദത്തിൽ ലീനനായ മുനിയായി സങ്കല്പിക്കുന്നതിന് തന്റെ മതവിശ്വാസം വള്ളത്തോളിന് പ്രതിബന്ധമാകുന്നില്ല. നബിയുടെ സമീപത്തേയ്ക്കടുക്കുന്ന ആ ദുഷ്ടന്റെ മുന്നിൽ കവിതന്നെ നാടകീയമായി പ്രത്യക്ഷപ്പെട്ടുകൊണ്ടു തടയുകയാണ്.

"അരുതടുത്തിടായ്ക,രേ ദുഷ്ട നീയെ–
തിരുമാംക്കഴിയിൽ നിന്നെഴുന്നേററുവന്നു?
നരകാഗ്നി നീ,യിഗ്ഗുരുസന്നിധിയോ,
മരുഭൂവായാലും മഹനീയ സ്വർഗ്ഗം!
അകന്നൊഴിഞ്ഞുപോക,ഴുക്കുനീർനീ;യീ
ഭഗവന്മൂർത്തിയോ പരിശുദ്ധതീർത്ഥം;
ദുരഹങ്കാരംനീ,യിതോ, ശാന്തിഗുണം,
അറുകപടം നീ,യിതോ, സാക്ഷാൽസ്സത്യം!"

മതപ്രബോധനത്തിന്റെ ആരംഭദശയിൽ നബിയുടെ ശിരസ്സു ഛേദിക്കുവാൻ ഊരിയ വാളോടെ പുറപ്പെട്ട ഖുറൈഷി

Digitized By Kerala Sahitya Akademi

വീരനായ ഉമർ. ഒടുവിൽ അവിടുത്തെ വിനീതശിഷ്യനായി പരിണമിച്ച സംഭവമാണ് 'ജാതകം തിരുത്തി' എന്ന കവിതയിൽ ചിത്രീകരിച്ചിട്ടുള്ളത്. കോപാവിഷ്ടനായ ഉമറിന്റെ മുമ്പിൽ കവി പാഞ്ഞെത്തി അദ്ദേഹത്തെ സമാധാനിപ്പിക്കുവാൻ ശ്രമിക്കുന്നു.

"ഉമർ, ഭവാനൂരിയ വാളൊടേവനെ-
സ്സമാക്രമിപ്പാൻ നടകൊൾവു സത്വരം
ക്ഷമായുധംകൊണ്ടരിശത്തെ വെല്ലലാം
സുമാനുഷർക്കുറ്റ ജയം ജഗത്തിതിൽ."

"സ്തുതിച്ചുകൊണ്ടെത്തൊരു കണ്ഠസീമ്നി തേ-
ന്നതിന്ന നീലോൽപലമാല ചാർത്തണം,
അതിങ്കലിപ്പാനെതിർ വാളും മയക്കുവാൻ
മുതിർന്നുവല്ലോ മുഴുപാപിപോലെ നീ.

അഹർമ്മുഖപ്പൊൻകതിർപോലെ പോന്നവൻ
മുഹമ്മദ്;-പ്പേരിനിതാ നമസ്കൃതം:
സഹാറസ്ഥാവാളായ തമിസ്രരേഖ, യാ-
ഹെസ്സിനെന്തുണ്ടിതുമോർപ്പതില്ല നീ!"

തുടർന്ന് കവി ചോദിക്കുന്നു

"അതല്ല തെറ്റെന്തു നബിക്കു ജീവനാ-
മൃതം മൃതർക്കായിഹ കൊണ്ടുവന്നതോ?
മതസ്ഥിതൻ നിന്നൊടു സത്യമൂർത്തിതൻ
സ്വാതന്ത്ര്യസന്ദേശമുരച്ചിടുന്നതോ?
ഫലം പെറും പാരിതെവന്റെ തോട്ട,മു-
ജ്ജ്വലർക്ഷമാം വാനമെവന്റെ പൂവനം

Digitized By Kerala Sahitya Akademi

അലംഘ്യഭ്രമാവഹനേ ദൃഢം തവാ–
വലംബമെന്നൊന്നുരചെയ്തു പോയതാര്?

* * * *

"മുഴക്കിടൊല്ലാ സമസൃഷ്ടരക്തമെ–
ന്നഴക്കവുംമാററമാംചെയ്തവൻറ താൻ
കഴുത്തിൽനിന്നാകണമോ, സവിഭ്രമം
മുഴുത്ത നിൻവാളിനു കുങ്കുമാർപ്പണം?"

ഈ മഹത്തായ ഉപദേശം ചെവിക്കൊള്ളാതെ ഉമർ ഉഴറി ഗ്ഗമിച്ചപ്പോഴും കവി പറയുകയാണ്:

"പെരുത്തു നൂററാണ്ടിനിടയ്ക്കൊരിക്കലീ
മരുപ്പുറമ്പാമുലകത്തിലീശ്വരൻ
ഒരുററവൃക്ഷത്തെ നട്ടന്നു പാന്ഥരായ്
വരുന്നവർക്കുത്തമ വിശ്രമത്തിനായ്.
ദുരാഭിമാനാലവരോ, കൃതഘ്നര–
സ്സുശാഖിതൻ നേർക്കു കുഠാരി വെയ്ക്കയായ്.
നിശാന്തമയ്യോ തവ തൃഷ്ണ കൃസ്തുവിൻ
പ്രശാന്തരക്തത്തെ നുകർന്ന ലോകമേ!"

ഒരവസരത്തിൽ നബി തിരുമേനിയുടെ ശിരസ്സിൽ മണ്ണുവാരിയിട്ട സംഭവത്തെ വർണ്ണിക്കുന്ന 'പാംസുസ്നാന'മെന്ന കൃതിയിൽ നബിയുടെ മതപ്രബോധനവേളയിൽ അറബികളിലുണ്ടായിരുന്ന അന്ധവിശ്വാസം, ദുരാചാരം, ദുരഭിമാനം, ദുഷ്കൃത്യം തുടങ്ങിയവയെയും അവിടത്തെ ആത്മസ്ഥൈര്യത്തെയും കുറഞ്ഞ വരികളിൽ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

"പെട്ടെന്നു പാർശ്വങ്ങളിൽനിന്നു—ഹാ,ഹാ,—
മൺകോരിയിട്ടാർ ചില മുഷ്കരന്മാർ.
കൃതജ്ഞരെങ്കിൽക്കനകാഭിഷേകം
ചെയ്യേണ്ടതാമിഗ്ഗുരുവിൻ ശിരസ്സിൽ!
രജസ്തമോദോഷമകററി നാട്ടിൽ
സത്യം പരത്തുന്നൊരു സത്യവാനെ
രജസ്സുവഷിച്ചു നിറംകെടുത്താ—
നൊരുങ്ങിപോൽ മർത്ത്യകുലേ പിറന്നോർ!
മറെറന്തു മന്നിൻ നിഴൽപൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ്പ്രഭാതം;
മിത്ഥ്യാപവാദത്തിൽ മറഞ്ഞു സത്യ;—
മവിദ്യതൻ മൂടലിലായ് വിബോധം."

ആമൂർദ്ധപാദം പൊടിപുരണ്ട പിതാവിനെ കളിപ്പിക്കു മ്പോൾ ദുഃഖംകൊണ്ടു കേണുതുടങ്ങിയ പുത്രിയെ നബി ആ ശ്വാസിപ്പിക്കുന്നു:

"നിന്നച്ഛനെക്കാത്തരുളാതിരിയ്ക്കി—
ല്ലള്ളാവു, പാഴിൽക്കരയാദ്ദ കുഞ്ഞേ!"

ഇസ്ലാംമതപ്രവാചകൻെറ ഗുണഗണങ്ങളെ ഇങ്ങിനെ മതി തോന്നാതെ പ്രകീർത്തിച്ച മറെറാരു അമുസ്ലിംകവി ഭാരത ത്തിലുണ്ടോ എന്നു സംശയമാണ്.

പാശ്ചാത്യചരിത്രകാരന്മാർ ഇന്ത്യയിലെ മുസ്ലിംരാജാ ക്കന്മാരെ പരമതവിദ്വേഷികളും വിഷയലമ്പടരും നീച ന്മാരുമായിട്ടാണല്ലോ ചിത്രീകരിച്ചിരിക്കുന്നതു്. അവരുടെ

Digitized By Kerala Sahitya Akademi

കല്പിതകഥകളുടെ പൊള്ളത്തരം തുറന്നു കാട്ടുവാൻ പ്രജാവത്സലനും ദീനബന്ധുവുമായ ഒരു മുഗൾ ചക്രവർത്തിയെ അവതരിപ്പിക്കുകയാണ് 'ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി' എന്ന കവിതയിലൂടെ വള്ളത്തോൾ ചെയ്യുന്നത് തൻെറ ഉന്നതി പ്രാപ്തിക്കുവേണ്ടി എന്തുചെയ്യാനും മടിക്കാത്ത ഉസ്മാൻഖാൻ എന്ന സേനാനി, ഒരു ഹിന്ദു തരുണിയെ പറഞ്ഞു പാട്ടിലാക്കി ഹുമയൂൺചക്രവർത്തിയുടെ മുമ്പിൽ കാണിക്കവെയ്ക്കുന്നു. പ്രഥമദർശനത്തിൽ അവളുടെ സൗന്ദര്യാതിരേകത്തിൽ ചക്രവർത്തി ആകൃഷ്ടനായിത്തീർന്നുവെങ്കിലും, നീതിനിഷ്ഠനായ അദ്ദേഹം ശാന്തഭാവത്തോടെ,

"ഭദ്രേ, ഭവതിയ്ക്കു സമ്മതംതാനല്ലീ
ഭക്തനാമെന്നുടെ ദേവീപദം?"

എന്ന് അവളോടു ചോദിക്കുന്നു. താൻ കന്യകയല്ല, കാന്തൻ തൻെറ പ്രാണനാണ്, അപ്രീതി തോന്നരുത് എന്നു തൊഴുകൈയുമായി സങ്കോചത്തോടെ സഗദ്ഗദം അവൾ ഉണർത്തിയപ്പോഴയ്ക്കും ചക്രവർത്തിയുടെ ഭാവം പെട്ടെന്നു മാറുകയാണ്.

"ആരങ്ങ്?;വനെയീ മൽപ്രജാദ്രോഹിയെ-
ക്കാരാഗൃഹത്തിലടച്ചിടട്ടേ!"

എന്നു ഗർജ്ജിച്ചുകൊണ്ടു്,

"മങ്കേ കരയായ്ക, മാലോകർ കണ്ണീരെൻ
ചെങ്കോലിതാഴിയിലേയ്ക്കൊഴുക്കും!

Digitized By Kerala Sahitya Akademi

മാപ്പിളമാർചെയ്ത തെററു മറന്നു നീ
മാപ്പി ഹുമയൂണിന്നേകിയാലും.
ഇപ്പൊഴേ നമ്മുടെ പല്ലക്കുകാർ നിന്നെ-
ച്ചാൽബ്‌ ഭർത്തൃമന്ദിരം പ്രാപിപ്പിക്കും.
എന്നനുജത്തി നീ സൌഖ്യമായ്‌ വാണാലും."

എന്ന്‌ ആ സാധ്വിയെ ആശ്വസിപ്പിച്ച്‌ അമൂല്യമായ ഒരു രത്നഹാരം ഊരിയെടുത്ത്‌ ഒരു പിതാവ്‌ പുത്രിയുടെ കഴുത്തിലെന്നവണ്ണം അവളുടെ കണ്ഠത്തിൽ അദ്ദേഹം ചാർത്തി. ഹുമയൂണിന്റെ പല വിശിഷ്ടഗുണങ്ങളും ഇവിടെ കവി സൂചിപ്പിക്കുന്നു. പ്രജകളുടെ കണ്ണുനീർ തന്റെ ചെങ്കോലിനെ കടലിലേയ്ക്കാഴ്ത്തുമെന്നു വിശ്വസിക്കുന്ന അദ്ദേഹം സ്വന്തം ഭടന്മാർ ചെയ്ത കുററത്തിന്‌ ഒരു സ്ത്രീയോടു മാപ്പപേക്ഷിക്കയാണ്‌. എന്തൊരു നീതിനിഷ്ഠ!-എന്തൊരു വിനയം! ദേവാലയത്തിൽനിന്നു ഭർത്തൃഗൃഹത്തിലേയ്ക്കു തിരിച്ചുപോകുന്ന തന്നെ വഞ്ചനയിലൂടേ രാജധാനിയിലെത്തിച്ച്‌ ചക്രവർത്തിയ്ക്കു കാഴ്ചവെച്ച നീചനായ ഉസ്മാൻഖാന്റെ കുററം പൊറുക്കുവാൻ ചക്രവർത്തിയോടഭ്യർത്ഥിക്കുന്ന ആ സുന്ദരിയുടെ ഭാവശുദ്ധി ശ്ലാഘനീയംതന്നെ. എങ്കിലും ഈ കഥയിൽ നമ്മുടെ ഹൃദയത്തെ കൂടുതൽ ആകർഷിക്കുന്നതു്‌ ഹുമയൂണിന്റെ ഉൽകൃഷ്ടസ്വഭാവമാണ്‌. സ്ത്രീജനങ്ങളെ എന്നും എവിടേയും ആദരിക്കുക പതിവുള്ള വല്ലത്തോളം, ഹുമയൂണിന്റെ ഹൃദയത്തിൽ ഭാരതസ്ത്രീകളെക്കുറിച്ചു തോന്നിയിരിക്കാവുന്ന മതിപ്പിനെതന്നെ പ്രസ്തുത കവിതയുടെ ശീർഷകമായി സ്വീകരിച്ചുവെന്നേയുള്ളു. അതിലും ഹുമയൂണിൻ

Digitized By Kerala Sahitya Akademi

ന്റെ വിശാലമനസ്സത സ്ഫുരിക്കുന്നുണ്ടെന്നു പറഞ്ഞാൽ തെററില്ല.

മുസ്ലിം സമുദായത്തിലെ രണ്ടു് ഉത്തമസ്ത്രീകളുടെ ചിത്രങ്ങൾകൂടി വള്ളത്തോൾ വരച്ചുകാട്ടീട്ടുണ്ടു്. മുൻപു പ്രസ്താവിച്ച 'ജാതകം തിരുത്തി' എന്ന കവിതയിലെ ഒരു കഥാപാത്രമായ ഫാത്തിമയാണു് ഒന്നു്.

മുഹമ്മദ് നബിയെ വധിക്കാൻ വെമ്പി നടക്കുന്ന ഉമറിന്റെ കാതിൽ യാദൃച്ഛികമായി ഖുർആൻ പാരായണത്തിന്റെ മധുരധ്വനി വന്നലയ്ക്കുകയാണു്—തന്നിമിത്തം,

"ഉടനമ്പായ് തന്നളിയന്റെ വീട്ടിലും
സ്ഫുടം ഖുറാൻ വായനയെന്നുകണ്ടുടൻ
വിടന്നകണ്ണൽച്ചുടുതീയ്യുതിർത്തു"—

കൊണ്ടു കരാളസ്വരൂപനായി അദ്ദേഹം അങ്ങോട്ടു കടന്നപ്പോൾ അളിയൻ ഭയപ്പെട്ടു മിഴിച്ചുനിന്നുപോയെങ്കിലും,

"പുരന്ധ്രിയാം ഫാത്തിമ പുണ്യശീലയാൾ
ഒരൻപെഴും പുഞ്ചിരിയായ പൂവിനാൽ
പുരഃസ്ഥനാം മൃത്യുവിനച്ചു നല്കിനാൾ—"

ആ തരുണീമണിയുടെ അപ്പോഴത്തെ സ്ഥിതിയോ,

"ചാളം മനോജ്ഞന്നരുളുന്ന യൗവനാ—
പ്പുളപ്പിലും ശാന്തത പൂണ്ട തന്മുഖം
മിളൽസ്വരോമാഞ്ചകപോലപാളിയായ്
വിളങ്ങി, വേദശ്രവണോത്ഥഭക്തിയാൽ."

Digitized By Kerala Sahitya Akademi

ക്കും താമസിയാതെ അളിയന്റെ നേർക്ക് ഉമർ ഖഡ്ഗം പ്രയോഗിച്ചപ്പോൾ അതിൽനിന്നു ഭർത്താവിനെ രക്ഷിപ്പാൻ ധീരയായ ഫാത്തിമ ചാടിത്തടുത്തതിൽ അവളുടെ പൊൻപൂമെയ്യിന്ന് മുറിയേററു രക്തം പ്രവഹിച്ചു. എന്നാലോ,

"ക്ഷീണം മെയ്യും മനസ്സും ഭൃശമയുമനജമാ-
ക്കസ്രപാതക്ഷണത്തിൽ,
കാണപ്പെട്ടില സാധ്വീമുഖകുടയ മുഖ-
ത്തല്പവും ഭാവഭേദം;
പ്രാണൻ പോയാലുമിസ്ലാംമതമിതുവെടിയാ
ഞങ്ങളെന്നാമ മണിപ്പാൻ-
വീണയ്ക്കൊക്കും സ്വരത്തോടവൾ, സഹജനതാ
മററൊരാളായ്ച്ചമഞ്ഞു!"

മുറിപററിയതു ഫാത്തിമയുടെ മുഖത്താണെങ്കിലും, ക്ഷീണം ബാധിച്ചതു് ഉമറിന്റെ ഉടലിന്നും മനസ്സിന്നുമാണ്. മറിച്ച് ഫാത്തിമയ്ക്കു യാതൊരു ഭാവഭേദവും ഉണ്ടായില്ല. മാത്രമല്ല, 'പ്രാണൻപോയാലും ഞങ്ങൾ ഇസ്ലാംമതം വെടിയുകയില്ലെ'ന്ന് ഉഗ്രമൂർത്തിയായ സ്വന്തം സഹോദരന്റെ മുഖത്തു നോക്കി ദൃഢസ്വരത്തിൽ അവൾ പ്രഖ്യാപിക്കുകൂടിച്ചെയ്യുന്നു. ആ ധീരവചനം ഉമറിന്റെ കണ്ണു തുറപ്പിച്ചു.

അദ്ദേഹം ഉടനേ ക്ഷമാപണം ചെയ്തു് സഹോദരിയുടെ പക്കൽനിന്നു ഖുർ-ആൻ വാങ്ങി വായിക്കുകയും അതിൽ ആകൃഷ്ടനായി ഇസ്ലാംമതം സ്വീകരിക്കയും നബിയുടെ സന്നിധിയിൽ ചെന്ന് അവിടത്തെ ഭക്തനായിത്തീരുകയും ചെയ്യുന്നു. ഉമറിന്റെ ജാതകം തിരുത്തിയ ഫാത്തിമ

Digitized By Kerala Sahitya Akademi

യെ ഒരു ധീരവനിതയായി ഈ കവിതയിൽ ചിത്രീകരിച്ചു വള്ളത്തോൾ 'സന്ധ്യാപ്രണാമ'ത്തിൽ ദൈവഭക്തയായ ഒരു മാപ്പിളസ്ത്രീയെ അവതരിപ്പിക്കയാണു്.

"കോരിക്കുട്ടിയ പാഴ്കരിങ്കൂടയിലെ-
ത്തിക്കട്ടയോ, പായലാൽ-
പ്പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
പൊന്താമരപ്പുഷ്പമോ,
മാരിക്കാറണിച്ചുഴമിന്ദുകലയോ
പോലേ, മനോജ്ഞാംഗിയാ-
ളാരിക്കാണ്മൊരിരുണ്ട കൊച്ചുപുരതൻ
കോലായിൽ നില്ക്കുന്നവാം?

എന്തോജസ്സുതെളിഞ്ഞ വിഗ്രഹമിതി-
പ്പാവപ്പെട്ടം മാടമൊ-
ന്നെന്തോ? ഹാ, വിധി വല്ല ചേക്കഴിയിലും
പൂഴ്ത്തുന്നു രത്നങ്ങളെ;
ഇന്തോട്ടാന്ധ്യയൊടെത്തിനോക്കിടുവതു-
ണ്ടന്തിസ്സമീരസ്ഥ്വരൽ-
ത്തെന്തോലപ്പുഴതിങ്കലൂടെ മറയാൻ-
പോകുന്ന മാർത്താണ്ഡനും!"

ആ മാപ്പിളത്തരുണിയുടെ വിവിധഗുണങ്ങളെ പ്രഥമപദ്യത്തിൽ മാലോപമമൂലം വ്യഞ്ജിപ്പിച്ചതുകൂടാതെ, മറയാൻ പോകുന്ന മാർത്താണ്ഡൻകൂടി അവളെ എത്തിനോക്കുന്നതായി പ്രസ്താവിച്ചുകൊണ്ടു് ആസന്നമരണനായ ഒരു വൃദ്ധൻപോലും അവളെയൊന്നു് നോക്കിക്കളയാൻ പ്രേരിത

Digitized By Kerala Sahitya Akademi

നായിത്തീരത്തക്ക സൗന്ദര്യാതിശയമാണു് അവറംക്കുള്ളതെന്ന സൂചിപ്പിക്കുന്നു. ഒരു യുവതിയുടെ ലാവണ്യം ഇതിലും ഭംഗിയായി വർണ്ണിക്കുക സാധ്യമാണോ? തുടർന്നുള്ള പദ്യങ്ങളിൽ അവളുടെ 'നിസ്കാര'ത്തിലെ നിറുത്തം, കുനിച്ചിൽ, ഇരുത്തം, മന്ത്രാച്ചാരണം, പ്രാർത്ഥന എന്നിവയെ അനുക്രമമായി ചിത്രീകരിച്ചിട്ടുണ്ടു്.

മുസ്ലിംസ്ത്രീകഠം നിസ്കാരത്തിൽ മുഖമക്കനയും നീളക്കുപ്പായവുമാണു് ധരിക്കുക. കവി ദൂരെനിന്നു കാണുമ്പോറം അവറം തലയിലിട്ട തട്ടംതന്നെ കാലോളം നീണ്ടുകിടക്കുന്നതായി തോന്നിയിരിക്കണം. ആ ധാരണയോടെ അവളുടെ ശുഭ്രവേഷത്തെ ഇങ്ങനെ വർണ്ണിക്കുന്നു:

"ചൂന്തിങ്കറംപ്പൊളിനെററി ചെററുമറയു—
മാറായി നീലാഞ്ജനാ—
ച്ചാന്തിൻ ചേലണിവേണിതൻ തലയിലി—
ട്ടിട്ടുള്ള ശുഭ്രാംബരം,
കാന്തിപ്പെട്ട നിതംബമണ്ഡലമണഞ്ഞ്—
ത്തിട്ടിങ്കലൂടേ മന—
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി—
ച്ചുംബിപ്പു കാൽപ്പൂവിനെ."

ആ വെള്ളവസ്ത്രം മനശ്ശാന്തിയുടെ പാൽപ്പുഴയെന്നവണ്ണം മന്ദമായി ഒഴുകി അവളുടെ പദാബ്ജത്തെ ചുംബിക്കുന്നു.

നഗരങ്ങളിലെ പരിഷ്കൃതസ്ത്രീകഠം അണിപ്പുമച്ചിൽ പുതുമോടി ചേർക്കുവാൻ ശ്രമം ചെയ്യുന്ന സന്ധ്യാസമ

Digitized By Kerala Sahitya Akademi

-യത്തു് ദൈവധ്യാനത്തിൽ നിമഗ്നയായ ഈ ഗ്രാമീണസ്ത്രീ-യെ ഒരു തപസ്വിനിയായും അവളുടെ പാഴ്കുടിലിനെ താപസാശ്രമമായും കാണുന്ന വള്ളത്തോളിന്റെ വിശാലമനസ്കത ശ്ലാഘ്യാൽ ശ്ലാഘ്യംതന്നെ.

സൌന്ദര്യത്തിനുപോലും അസ്പൃശ്യത കല്പിക്കുന്ന ഇതരകവികൾ ഇസ്ലാമികചരിത്രങ്ങളുടെ നേക്കു കണ്ണടച്ചപ്പോൾ അത്തരം അന്ധത തീരേ ബാധിച്ചിട്ടില്ലാത്ത സൌന്ദര്യാരാധകനും സത്യാന്വേഷിയുമായ വള്ളത്തോൾ, ഇതരമതങ്ങളിലുള്ള സത്യസൗന്ദര്യങ്ങളെ നുകരുകയും അതു് ഇതരക്കുകൂടി പകൎന്നുകൊടുക്കയും ചെയ്യുന്നതിൽ ഉത്സുകനായി. അങ്ങനെ 'മഗ്ദലനമറിയം' കാവ്യനിൎമ്മിതിമൂലം ക്രൈസ്തവസമുദായത്തിന്റെ എന്നപോലെ മേൽപ്രസ്താവിച്ച ഇസ്ലാമികകവിതകൾ വഴി മുസ്ലിംസമുദായത്തിന്റേയും വിശേഷാൽ സ്നേഹാദരങ്ങൾ അദ്ദേഹം സമാൎജ്ജിച്ചിരിക്കുന്നു. പലവഴിക്കും തെററിദ്ധരിക്കപ്പെട്ട ഇസ്ലാമികചരിത്രത്തിന്റെ മനോഹാരിതയെ വെളിപ്പെടുത്തിയ മഹാകവി വള്ളത്തോളിനോടു് മുസൽമാന്മാർ എന്നും കൃതജ്ഞരായിരിക്കും.

ടി. ഉബൈദു്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അഭിനന്ദനം

നമ്മുടെ മഹാകവികളിൽ താരതമ്യേന വിശാലമനസ്കനായിരുന്ന വള്ളത്തോളിന്റെ ഖണ്ഡകവിതകളിൽ നിന്ന മുസ്ലിം ഇതിവൃത്തങ്ങൾ തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കാനുള്ള വള്ളത്തോൾ ഗ്രന്ഥാലയക്കാരുടെ സംരംഭത്തെ ഞാനകമഴിഞ്ഞു അഭിനന്ദിക്കുന്നു. ഭാരതീയസംസ്കാരം എന്നു പറയുന്നതു് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ഇതിഹാസങ്ങളെ അടിസ്ഥാനമാക്കിയുള്ളതല്ല. വിശാലമായ ഈ ഉപഭൂഖണ്ഡത്തിന്റെ സംസ്കാരത്തിന്റെ അടിത്തറതന്നെ നാനാത്വത്തിൽ ഏകത്വം എന്ന തത്വമാണ്. അതറിയാത്തതാണ്, അറിഞ്ഞംഗീകരിക്കാത്തതാണ് നമ്മുടെ നേതൃത്വത്തിന്നു പറ്റിയ തെറ്റ്. തെറ്റിൽനിന്നു തെറ്റിലേക്ക് അവർ വീണ്ടും വീണ്ടും വഴുതിക്കൊണ്ടിരിക്കുമ്പോൾ അരുതരുതെന്നു പറയാൻ ഇന്നു നമുക്കാരുമില്ല.

ഭാരതസംസ്കാരത്തിന്റെ ഈ സവിശേഷത നേരത്തെ മനസ്സിലാക്കിയവരിലൊരാണു് വള്ളത്തോൾ. അദ്ദേഹം സമുദായമൈത്രിക്കുവേണ്ടി പാടി. ആർഷഭാരതത്തിന്റെ ആരാധകനായിരുന്ന അദ്ദേഹം മുണ്ടുമാററി അന്യസംസ്കാര-



Digitized By Kerala Sahitya Akademi

ങ്ങളുടെ അലകടലിൽ ആഴത്തിൽ മുങ്ങിത്തപ്പി ചിപ്പികൾ പെറുക്കി തച്ചുടച്ചു മിനുക്കി കൈരളിയുടെ കണ്ഠത്തിൽ ചാർത്തി. മുത്തുകൾ വെട്ടിത്തിളങ്ങുന്നതു കണ്ടു കേരളാംബയുടെ മക്കൾ ആനന്ദിച്ചു. "മശലനമാറി"യവും അല്ലാഹുമെല്ലാം അമ്മയ്ക്കാഭരണങ്ങൾതന്നെയാണ്.

വള്ളത്തോളിന്റെ മുസ്ലിം ഇതിവൃത്തങ്ങൾ വിസ്മൃതിയിലേക്കു തള്ളപ്പെട്ടതുകൊണ്ടു് അവ വീണ്ടും കോർത്തുകെട്ടേണ്ടുന്ന ആവശ്യം വന്നതുകൊണ്ടാണ് ഈപ്പുസ്തകം ജന്മമെടുത്തതു്. സ്വാതന്ത്ര്യം നേടിയിട്ട് ഇരുപതുകൊല്ലമായി. രാഷ്ട്രപിതാവിനെ കൊന്ന നമ്മൾ സമുദായമൈത്രിയുടെ പാതയിൽ വളരെ ഒന്നും മുന്നോട്ടു നീങ്ങിയിട്ടില്ല. കൊല്ലുകൊലകളുടെ ആരവം ഇന്നും കേൾക്കുന്നു. "കൊല്ലരുതനിയാ കൊല്ലരുതു്" എന്നു പറയാനാളില്ല. ഈ സന്ദർഭത്തിൽ തന്നെയാണ് സൗഹൃദത്തിന്റെ കവിയെ നാം സ്മരിക്കേണ്ടതു്.

പരസ്പരം അറിയുക, ആദരിക്കുക എന്നതാണു മതമൈത്രിക്കുള്ള കുറുക്കുവഴി. നമ്മുടെ പൂർവ്വപിതാക്കളുടെ മാർഗ്ഗവും അന്യമായിരുന്നില്ല. വള്ളത്തോൾ ആ പാതകളെ പിന്തുടർന്നു പാടിനടന്നു. പോയ തലമുറയുടെ ചുണ്ടത്തു് ആ ഈരടികൾ ജീവിച്ചു. അവ മരിക്കാൻ പാടില്ല.

മുസ്ലിം പുണ്യപുരുഷന്മാരെക്കുറിച്ചുള്ള കഥകൾ മററുള്ളവരറിയുകയും അവരെ ആദരിയ്ക്കുകയും ചെയ്യുന്നതുമൂലം

Digitized By Kerala Sahitya Akademi

മതമൈത്രി അഭ്യസിച്ചുറപ്പിക്കുവാൻ കഴിയും. മഗ്‌രിബ് നമസ്കരിക്കുന്ന ഒരു സാധാരണ മുസ്ലിംസ്ത്രീയുടെ കൊച്ചുകുരയിൽ ഒരധ്യാത്മവിദ്യാലയം കാണുന്ന കേരളത്തിന്റെ ആസ്ഥാനകവി

ആമജ്ജിപ്പൂ നിമീലിതാക്ഷിയുഗയായ്-
ധ്യാനാമൃതത്തിൽസ്സുഖം;
ഉമപ്പെട്ടൊരു താപസാവസഥമായ്
ഓരോ നിരപ്പുഴക്കടൽ!

അന്ധകാരഗർത്തത്തിലടങ്ങിക്കിടന്നിരുന്ന അറേബ്യയിൽ വിജ്ഞാനത്തിന്റെ കൈവിളക്കായി ചെന്ന നബി തിരുമേനി അനുഭവിക്കേണ്ടിവന്ന യാതനകളും വേദനകളും സീമാതീതമാണ്.

ഇവർക്കിഷ്ട പ്രിയമിതു;-ക്രൂരി-
ക്കെട്ടുകയായ്, കൈത്തിരിയൊണ്ടു ചെന്നാൽ;

പക്ഷെ നബി കലുങ്ങിയില്ല.

കില്ലില്ല, ഞാനെന്റെ ചോരകൊണ്ടേ-
മിദ്ധർമ്മസസ്യത്തെ നനച്ചുപോകും:

എന്നദ്ദേഹം ദൃഢനിശ്ചയം ചെയ്തു.

അദ്വൈതമേ, നിൻകൊടുമഞ്ഞു വീഴാ-
ത്തുറന്നീൻ സദാമായ നെഞ്ചിൽ:
ചന്ദ്രാർക്കരെക്കൈകളിൽ വെച്ചുതന്നാൽ-
പ്പോലും നിറുത്തില്ല,വനിപ്രയത്നം!

Digitized By Kerala Sahitya Akademi

നബിയെ അവർ പലവിധത്തിലും ദ്രോഹിച്ചു. ആദ്ദേഹത്തിന്റെ പാവനമേനിയെ ആ പാപികൾ പാംസുസ്ഥാനത്തിന്ന പാത്രമാക്കി. അതിന്നെതിരിൽ വള്ളത്തോളിന്റെ ധർമ്മരോഷമുയരുകയാണ്.

കൃതജ്ഞരെങ്കിൽ, കനെയാഭിഷേകം
ചെയ്യേണ്ടതാമീഗ്ഗരുവിൻ ശിരസ്സിൽ!

"മൺകോരിയിട്ട മുഷ്കരന്മാരെ" പച്ചമലയാളത്തിൽ തെമ്മാടികളെന്നുതന്നെ അദ്ദേഹം വിളിച്ചു.

നബി (സ) തിരുമേനിയുടെ ക്ഷമാശീലവും കവി പുകഴ്ത്തുന്നുണ്ട്.

മാലാർന്ന കേഴും മകളെത്തലോടി–
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ:–
"നിന്നച്ഛനെക്കാത്തരുളാതിരിക്കി–
ല്ലുള്ളാവു, പാഴിൽക്കരയായ്ക കുഞ്ഞേ!"

എന്നാണ് നബി സ്വപുത്രിയായ ഫാത്തിമത്തുസ്സുഹ്റായോട് പറയുന്നത്.

"ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി" എന്ന തലക്കെട്ടിലുള്ള കവിത വാസ്തവത്തിൽ "ഭാരതചക്രവർത്തിയുടെ ഭാവശുദ്ധി"യെയാണ് പ്രഖ്യാപിക്കുന്നത്.

"തെല്ലുഴിഞ്ഞുള്ള കാർക്കൂന്തലാ, വാർകന–
ച്ചില്ലിയോ, ചില്ലൊളിപ്പൂങ്കവിളോ,
ഏതേതു നോക്കേണമെന്നു" തീർച്ചയില്ലാത്ത മെ

Digitized By Kerala Sahitya Akademi

പെൺകുട്ടിയെ കയ്യിൽ കിട്ടിയിട്ടും

“ഭദ്രേ, ഭവതിക്കു സമ്മതംതാനല്ലീ
ഭക്തനാമെന്നുടെ ദേവീപദം?”

എന്നു ചോദിയ്ക്കുക മാത്രമാണ് ഹുമയൂൺ ചെയ്യുന്നതു്. അവർ പ്രതിഷേധിച്ചപ്പോഴും ഹൃസ്വാധപതിയെങ്ങിനെയിങ്ങു വന്നതിന്റെ കാരണമായി ചോദ്യം. സേവകൻ വാസ്തവമെല്ലാം ധരിപ്പിച്ചപ്പോൾ ഇടിവാളുപോലൊരു നോട്ടംനോക്കി ആ ഹീനനോടിവൻ മടിച്ചില്ല.

“ഭൃത്യന്മാരേ,വരൂ—യീ മൽപ്രജാദ്രോഹിയെ—
കാരാഗൃഹത്തിലടച്ചിടട്ടേ!

അവിടംകൊണ്ടവസാനിയ്ക്കുന്നില്ല.

“മാപ്പിളകൾ ചെയ്ത തെറ്റു മറന്നു നീ
മാപ്പു ഹുമയൂ നീ നൽകിയാലും.”

നിഗ്രഹാനുഗ്രഹശക്തിയുള്ള മുഗിളസമ്രാട്ട് നിസ്സഹായയായ ആ പെൺകുട്ടിയുടെ മുമ്പിൽ ക്ഷമായാചനം ചെയ്യുന്നു. ഒടുവിൽ ഉദ്യാനത്തോടൊപ്പം നാമും ചോദിച്ചുപോകും.

“അന്യമതദ്വേഷമുണ്ടോ മുഹമ്മദ—
മനോർമണിയാം [illegible]?”

ഊരിയ വാളാൽ നബിയെ വധിയ്ക്കാൻ പോയി ഇസ്ലാമിന്റെ വീരസന്താനമായി തിരിച്ചുവന്ന ഉമർഖത്താബിന്റെ കഥ വള്ളത്തോൾ നാടകീയമായവതരിപ്പിയ്ക്കുകയാണ്. അല്പ

Digitized By Kerala Sahitya Akademi

നേരം നമ്മുടെ ചിന്ത ചിറകുവെച്ചു 1300 വഷങ്ങൾക്കപ്പുറമുള്ള അറേബിയൻ മരുഭൂമിയിലെത്തി, ഹൃദയസ്പൃശിയായ ആ കഥ നാം നേരിൽ കാണുകയാണെന്നു തോന്നും. ആരെയാണ് നീ ഖഡ്ഗത്തിനിരയാക്കാൻ പോകുന്നതെന്ന് ഉമറിനോടു ചോദിച്ചുകൊണ്ടു കവി നബിയെ നമസ്കരിയ്ക്കുന്നു.

അഹർമ്മുഖപ്പൊൻകതിർപോലെ പോന്നവൻ
മുഹമ്മദ്; പ്പേരിതിതാ, നമസ്കൃതം!

നബി ചെയ്ത തെറ്റെന്താണെന്നു കവിക്കു മനസ്സിലാകുന്നില്ല. അദ്ദേഹം ചോദിക്കുന്നു.

അതല്ല തെററെന്തു നബിയ്ക്കു: ജീവനാ—
മൃതം മൃതർക്കായിഹ കൊണ്ടുവന്നതോ?
മതസ്ഥിതൻ നിന്നൊടു സത്യമൂർത്തിയൻ
സ്വാതന്ത്ര്യസന്ദേശമുരച്ചിരുന്നതോ?

കവി പിന്നെയും തുടരുന്നു.

'ഒഴുക്കിടൊല്ലാ സമസൃഷ്ടരക്ത'മെ—
ന്നുഴക്കരും മാറതാംചെയ്തവന്റെ താൻ
കഴുത്തിൽനിന്നാകുന്നമോ, സുവിഭ്രമം
മുഴുത്ത നിൻവാളിനു കുംകുമാർച്ചനം!

തന്റെ സഹോദരിയും ഭർത്താവും ഇസ്ലാംമതം വിശ്വസിച്ചുവെന്നറിഞ്ഞു് അവരെ ആക്രമിക്കുവാനാണ് ഉമർ ആദ്യമായി പോകുന്നതു്. അയാൾ വാളോങ്ങിയപ്പോൾ

Digitized By Kerala Sahitya Akademi

"വരൻ ഭയപ്പെട്ടു പകച്ചു നില്ക്കവേ,
പുരന്ധ്രിയാം ഫാത്തിമ പുണ്യശീലയാം
ഒരൻപെഴും പുഞ്ചിരിയായ പൂവിനാൽ
പുരഃസ്ഥനാം മൃത്യുവിനർച്ച നല്കിനാൾ."

അവർ ഭർത്താവിനെ രക്ഷിക്കാൻ ശ്രമിച്ചപ്പോൾ പരിക്കപ്പെ-
ററി. പക്ഷേ ഫാത്തിമ പതറിയില്ല. അവർ പറഞ്ഞു:

"പ്രാണൻപോയാലുമിസ്സ്വംമതമിതു വെടിയാ
ഞങ്ങളെന്നാൾ മണിപ്പൊൻ-
വീണയ്ക്കൊക്കും സ്വരത്തോടവൾ; സ്വഗജനതാ
മററൊരാളായ്ച്ചമഞ്ഞു:

അതാണ് ജാതകം തിരുത്തൽ.

മദീനയ്ക്കു പോകുന്ന നബി ഒരു മരച്ചുവട്ടിൽ വിശ്ര-
മിക്കുന്നു. അപ്പോൾ അദ്ദേഹത്തെ സമീപിക്കുന്ന ഒരു ദുഷ്ട-
നെ കവി വിലക്കുന്നു.

അരുത,ട്ടത്തിടാസ്സുര ദുഷ്ട; നീയേ-
തിരുവുക്കുഴിയിൽനിന്നൊരുദ്വേറവ വന്നു;
നരകാർഹൻ നീ;-യിസ്സുരസന്നിധിയോ,
തരുളവായാലും മഹനീയസ്വർഗ്ഗം:
അകന്നൊഴിഞ്ഞു പോക:-ഴക്കനീർ നീ;-യി-
ബ്ഭഗവന്മൂർത്തിയോ, പരിശുദ്ധതീർത്ഥം-
ഉരഹംകാരം നീ;-യിതോ, ശാന്തിഗുണം-
അറകപടം നീ:-യിതോ, സാക്ഷാൽസ്സത്യം:

അവൻ നബിയുടെ ഖഡ്ഗം കയ്ക്കലാക്കി. അവന്നെന്താണു-
വേണ്ടതു്?

Digitized By Kerala Sahitya Akademi

മുഹമ്മതിന്റെ തൃക്കഴുത്തു വെട്ടണം—
മഹാമതത്തിന്റെ മുരടറുക്കണം;

ഈ വാളിൽനിന്നു നിന്നെ ആർ രക്ഷിയ്ക്കുമെന്നു നബിയോടവൻ ചോദിയ്ക്കുന്നു.

അതിസ്സ്ഥിശുദ്ധഭക്തിരസമൊഴുക്കി നി—
ഷ്ഫലിച്ചിത'ല്ലാഹു'വെന്നൊരു ചെറുപദം.

ഇത്തരം ചെറുചെറു സംഭവകഥകൾ തന്റെ കവിതയ്ക്കുത്തിൽ ചാലിച്ചു കേരളീയരെക്കൊണ്ടു സേവിപ്പിയ്ക്കുകയാണ് പരമതവിദ്വേഷമാകുന്ന മഹാരോഗത്തിനു വള്ളത്തോളിന്റെ ചികിത്സ.

ആ കവിതകളൊക്കെ തേടിപ്പിടിച്ചൊരു സമാഹാരമാക്കി കൈരളിയ്ക്കു കാഴ്ചവെയ്ക്കാൻ വള്ളത്തോൾ ഗ്രന്ഥാലയം മുന്നോട്ടു വന്നതു സന്തോഷകരവും സന്ദർഭോചിതവുമായിട്ടുണ്ട്. അവർക്കെന്റെ വിജയാശംസകൾ.

തിരുവനന്തപുരം **സി. എച്ച് മുഹമ്മദുകോയ**

Digitized By Kerala Sahitya Akademi

# "അല്ലാഹ്"

(അന്നനട)

കഴൽച്ചുവട്ടിലി,ത്തിരിയാനു തൊട്ടാൽ
മുഴക്കെപ്പൊള്ളിപ്പോമെരിമണൽപ്പുറം;
തലയ്ക്കുമീതെയോ, കവിഴ്ന്നുനിന്നു തീ-
യൊലിവെയിൽ തൂകും നഭോനെരുപ്പോടം;
അരയിൽത്തൂക്കിയൊരുടവാളാകുന്ന
പരിജനത്തൊടൊത്തൊ,രുനാളിൽ മുന്നം,
മനോജ്ഞവും പുണ്യായതനവുമായ
'മദീനാ'യ്ക്കു പോകും മുഹമ്മദുനബി—

1. മുഹമ്മദുനബി ഒരിക്കൽ മക്കയിൽനിന്നു മദീനായ്ക്കു പോകുമ്പോൾ വഴിക്കുവെച്ചു നടന്ന ഒരു സംഭവത്തെപ്പററി: നഭോനെരുപ്പോട്=ആകാശമാകുന്ന തകിടു. അരയിൽ ...പരിജനം —ഒരു വാൾ മാത്രമല്ലാതെ, സഹായത്തിനു വേറെ ആരുമുണ്ടായിരുന്നില്ല. പുണ്യായതനം=പുണ്യസ്ഥലം. ചിരപ്രവൃദ്ധം=ഏറെ

Digitized By Kerala Sahitya Akademi

ചിരപ്രവൃദ്ധമാം തമസ്സകററുവാൻ
ധരയിലെയ്ക്കീശൻ നിയോഗിച്ച സൂര്യൻ—
ദിവി നിൽത്തപ്പെട്ട പുരാണസൂര്യനാൽ
വിവിക്തമാം പഥി തപിപ്പിയ്ക്കപ്പെട്ടു. 1

പകലിനായുസ്സു പകുതി ചെന്നപ്പോൾ,
പ്രകടമായി തൽപ്രതാപവൈഭവം;
എരിതീയിലിട്ടു പഴുപ്പിച്ചവെള്ളോ-
രിരിമ്പുഗോളമോ, വിരിഞ്ചാണ്ഡമിപ്പോൾ! 2

പരമേശനതിത്തഴമ്പു പൊങ്ങിയ
വിരിനെററിയിന്മേൽ വിയപ്പുമുത്തുമായ്
ഒരു പാദപത്തെശ്ശരണം പ്രാപിച്ചാ-
നു,രുതണൽ തപ്തർക്കേകിപ്പോന്നവൻ!

ന്നാളായി പെരുത്തുവന്നു. തമസ്സ്=അജ്ഞാനം; ഇരുട്ടെന്നും. ദിവി=ആകാശത്ത്. വിവിക്തം=വിജനം. നബിയെ രാജാക്കന്മാരും മററും ദ്രോഹിച്ചിരുന്നത് ഇതിൽനിന്നു ധ്വനിയ്ക്കുന്നു.

2. പകലി...പ്പോൾ=ഉച്ചയായപ്പോൾ; യൌവനം വന്നപ്പോൾ. പ്രകടമായി=വെളിപ്പെട്ടു. തൽ...വം=അതിൻെറ (പകലിൻെറ) പ്രതാപത്തിൻെറ (വെയിലിൻെറ എന്നും) ശക്തി. വിരിഞ്ചാണ്ഡം=ബ്രഹ്മാണ്ഡം.

3. പര...തി=ദൈവത്തെ നമസ്കരിയ്ക്കൽ. ഉരു=വലിയ. തപ്തർ=ദുഃഖമുള്ളവർ, ചൂടുള്ളവർ എന്നും.

Digitized By Kerala Sahitya Akademi

ഗ്ഗണവാനത്തരു വിരിച്ചിട്ടിരുന്നു
തണലാകും ശ്യാമപ്പരവതാനിയെ;
അതിന്നങ്ങിങ്ങി,ലപ്പഴുതികളൂടെ
പതിയ്ക്കുമാതപം കനകപ്പുള്ളിയായ്! 3

വരദ്രുമത്തിന്റെയുപചാരം കൈക്കൊ-
ണ്ടു,റയിട്ട കൈവാളതിൻ കൊമ്പിൽത്തൂക്കി,
മലർന്നങ്ങു കിടന്നരുളിനാൻ നബി;-
അലസമായ് സ്വയമടഞ്ഞു ലോചനം;
ഇരുവശങ്ങളിൽക്കുഴഞ്ഞുവീണു, പൊൻ-
പരിഘം പോലെ നീണ്ടുരുണ്ട കൈകളും.
വെയിൽനിലം വിട്ടു തണൽ പുക്കദ്ദേഹം
ലയിച്ചിതു സുഖസുഷുപ്തിയിൽ ക്രമാൽ—
അതേ, സംസാരോഗ്രജ്വരത്തെപ്പിന്നിട്ടു
ചിദേകാനന്ദത്തിൽ നിലീനനായ് മുനി! 4

പെരുംചൂടാലന്തഃകളനാദാമൃതം
വരണ്ടുവാറിയ ശകുനാളത്തൊടും

4. വരദ്രുമം=ഉത്തമവൃക്ഷം. പരിഘം=ഉലക്ക. സംസാരദുഃഖംവിട്ടു ബ്രഹ്മാനന്ദത്തിൽ ലയിക്കുന്നതും, വെയിൽനിലം പിന്നിട്ടു തണലിൽക്കിടന്നുറങ്ങുന്നതും ഒരുപോലെയാണെന്നു പറയുന്നു.

5. അന്തഃ......തം=അകത്തെ മനോഹരശബ്ദമാകുന്ന

Digitized By Kerala Sahitya Akademi

മരക്കൊമ്പുകളിലിലകളാലുടൽ
മറച്ചു മേവിന ചില പറവകൾ
തളർന്ന കൺകൊണ്ടത്തിരുമുഖത്തിലെ-
ക്കുളിർമാധുര്യത്തെ നുകരുകയായി! 5

തിരുവടിയ്ക്കിങ്ങു സ്വവിശ്രമഭംഗം
വരുത്തുവാനൊരാളതാ, പാഞ്ഞെത്തുന്നു—
അരുത,ട്ടത്തിടായ്ക്കരേ ദുഷ്ടാ; നീയെ-
ത്തിരുൾക്കുഴിയിൽനിന്നെഴുന്നോരുവനു!
നരകാഗ്നി നീ;-യിഗ്ഗുരുസന്നിധിയോ,
മരുഭൂവായാലും മഹനീയസ്വർഗ്ഗം!
അകന്നൊഴിഞ്ഞു പോക:-ഴുക്കുനീർ നീ;-യി-
ബ്ഭഗവന്മൂർത്തിയോ, പരിശുദ്ധതീർത്ഥം—
ദുരഹംകാരം നീ;-യിതോ, ശാന്തിഗുണം—
ഞെരുകപടം നീ;-യിതോ, സാക്ഷാൽസ്സത്യം! 6

ജയിച്ചുപോയ് താനെന്നൊരു ഭാവം മുഖ-
ത്തിയന്നു ചെന്നട്ടത്ത,വിശ്വാസിയവൻ—
ചരാചരശരണിച്ചതി കാണുന്നില്ലേ!—
മരക്കൊമ്പത്തു നിന്നെടുത്താനക്ഖഡ്ഗം.

അമൃത്. ഗളനാളം=കഴുത്ത്. ആ മരത്തിന്മേലുണ്ടായിരുന്ന പറവകൾ നബിയുടെ മുഖത്തേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു.

6. സ്വവിശ്രമഭംഗം=വിശ്രമത്തിനുള്ള ഉടവ്. മഹനീയം=പൂജ്യം.

Digitized By Kerala Sahitya Akademi

അസി കൈക്കലാക്കിയത്തു മററൊന്നിന-
ല്ല:-വന്ന തന്മനോരഥം നിറവേറാൻ
മുഹമ്മദിൻെറ തൃക്കഴുത്തു വെട്ടണം—
മഹാമതത്തിൻെറ മുരടറുക്കണം!
അഹോ വൈപരീത്യം: കൊലപാതകികൾ-
ക്കഭയസ്ഥാനങ്ങൾ സുലഭം ലോകത്തിൽ;
പൊരുൾ കാട്ടി നമ്മെസ്സുജീവിതരാക്കും
ഗുരുവരന്മാർക്കോ, പൊറുതിയില്ലെങ്ങും! 7

നബിയുടനണഞ്ഞവനെ വീക്ഷിച്ചാൻ
നവപ്രസന്നത തിരണ്ട തൃക്കണ്ണാൽ;
തല കൊയ്യാൻ വന്ന രിപുവവിടെയും
പച്ച നാളാൽ കണ്ടും പ്രിയവയസ്യനോ!
ചിരിയുംകൊണ്ടവൻ ചെകുത്താൻെറ വായ്കൊ-
ണ്ടൊരു ചോദ്യം ചെയ്താൻ; 'എടോ മഹമ്മതേ,
ഇതാ, നിൻവാൾതാൻ നിൻനിണം കുടിയ്ക്കുവായ്;
ഇതിൽനിന്നു നിന്നെയെവൻ സംരക്ഷിയ്ക്കും?'
പ്രജകൾതൻകറ പൊറുത്തരുളുവാൻ
ത്രിജഗതീപിതാവൊട്ടു പലപ്പോഴും

7. അവിശ്വാസി=മഹമ്മദമതത്തിൽ വിശ്വാസമില്ലാത്തവൻ. അസി=വാൾ.

8. നിബിഡപ്രേമം=നിറഞ്ഞ സ്നേഹം. കരാളൻ=ഭയങ്കരൻ. നിഷ്പതിക്കും=പൊട്ടിവീഴും. 'നിന്നെ ആർ രക്ഷിക്കും?' എ

Digitized By Kerala Sahitya Akademi

നിബിഡപ്രേമത്താലപേക്ഷിച്ചുപോന്ന
നബിത്തിരുനാവിൻ തലയ്ക്കൽനിന്നപ്പോൾ,
ഗുരുവധക്രിയയ്ക്കുഴറിനില്ക്കുമ-
ക്കൊലാളന്നും കൈവാൾ വഴുതിപ്പോംവണ്ണം
അതിസ്നിഗ്ദ്ധഭക്തിരസമൊഴുക്കി നി-
ഷ്പതിച്ചിത'ല്ലാഹെ'ന്നൊരു ചെറുപദം! 8

ന്നചോദ്യത്തിന്നു അല്ലാഹ് (ദൈവം) എന്നു മറുപടി പറയുമ്പോൾ നബിയുടെ മുഖത്തു സ്ഫുരിച്ച ഭക്തിരസത്തിന്റെ ഒഴുക്ക് കൊലയാളിയുടെ കയ്യിലുള്ള വാളിന്നെ വഴുതി വീഴിച്ചുകളഞ്ഞു.

---

Digitized By Kerala Sahitya Akademi

# ഒരു സന്ധ്യാപ്രണാമം

കോരിക്കൂട്ടിയ പാഴ്കരിക്കട്ടിടയിലെ-
ത്തീക്കട്ടയോ, പായലാൽ-
പ്പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
പൊന്താമരപ്പുഷ്പമോ,
മാരിക്കാറണി ചൂഴുമിന്ദുകലയോ
പോലേ, മനോജ്ഞാംഗിയാ-
ളാരി,ക്കാണ്മതിതെന്തു കൊച്ചുപുരതൻ
കോലായിൽ നില്ക്കുന്നവാം? 1

1. പൂരിച്ച=നിറഞ്ഞ. ഇതിലെ മാലോപമകൊണ്ട് അവളുടെ അതാതുഗുണങ്ങളെ വ്യഞ്ജിപ്പിക്കുന്നതു നോക്കുക. ഈ കൃതിയിൽ 3, 6, 8, 10, 11 എന്നീ പദ്യങ്ങളിൽ നിസ്കാര (നമസ്കാര)വിധിയെ ക്രമത്തിൽ വിവരിക്കുന്നു.

Digitized By Kerala Sahitya Akademi

ഏങ്ങോജസ്സു തെളിഞ്ഞ വിഗ്രഹമിതി?—
പ്പാവപ്പെട്ടം മാടമൊ—
ന്നെങ്ങോ? ഹാ, വിധി വല്ല ചേർക്കുഴിയിലും
പൂഴ്ത്തുന്നു രത്നങ്ങളെ;
ഇങ്ങോട്ടാസ്ഥയൊടെത്തിനോക്കിടുവതു—
ണ്ടന്തിസ്സമീരസ്ഫുരൽ—
ത്തെങ്ങോലപ്പഴുതിങ്കലൂടെ, മറയാൻ
പോകുന്ന മാർത്താണ്ഡനും! 2

അല്ലാല്ലസ്ഫുരിതാധരത്തളിരുമായ്—
പ്പാർശ്വസ്ഥലം രണ്ടിലും
പൊല്പാഥോരുഹമാലയോടു ശരിയാം
കൈ തൂക്കിയിട്ടാദരാൽ,

2. സ്ഫുരൽ=ഇളകുന്ന. സൂര്യന്റെ കിരണങ്ങൾ കാററത്താടുന്ന തെങ്ങോലപ്പഴുതിലൂടെ അവളുടെ മേൽ തട്ടിയിരുന്നു. മറയാൻപോകുന്ന മാർത്താണ്ഡൻ (സൂര്യൻ)—മരണമടുത്ത ഒരാൾ എന്നു വ്യഞ്ജിപ്പിക്കുന്നു. വൃദ്ധനായ ഒരാൾക്കുകൂടി ഇങ്ങിനെ ഇങ്ങോട്ടെത്തിനോക്കുവാൻ ആസക്തി തോന്നിപ്പിക്കുന്നതാണ് അവളുടെ സൌന്ദര്യം.

3. അല്ല ....ളിർ—(വേദം ചൊല്ലുമ്പോൾ) ഒട്ടൊട്ടിളകുന്ന തളിർച്ചുണ്ട്. പൊല്പാഥോരുഹം=പൊൻതാമര. നല്ല്=നന്മ. മരൽ—ക്കൊണ്ട്=പടിഞ്ഞിരുന്നുകൊണ്ട്. ഋജ്വായതോൽപാംഗീ=

Digitized By Kerala Sahitya Akademi

നല്പാളും മുഖചന്ദ്രമസ്സിനെ മരുൽ-
ക്കോണിന്നു നേക്കാക്കിയും
നില്പാണീയൊരു ജോനകത്തരുണിയാ-
ളൃജ്വായതോരുകാണ്ഡാംഗിയായ്. 3

സാമർത്ഥ്യം പെരുകുന്ന നാഗരികമാ-
രെപ്പേരുമിപ്പോളണി-
പ്പൂമച്ചിൽപ്പുതുമോടിചേർപ്പതിനഴ-
റ്റോടേ ശ്രമം ചെയ്കയാം.
ഗ്രാമപ്പെണ്ണിവളോ, തപസ്വിനിയുപാ-
സിയ്ക്കുന്ന നിഷ്കമ്പയായ്
ശ്രീമദാശ്രമവേളതൻ ജനനിയെ,-
സ്സംപൂജ്യയാം സന്ധ്യയെ! 4

പൈന്തിങ്കൾത്തെളിനെററി ചൊറു മറയും-
മാറായി, നീലാഞ്ജന-
ച്ഛാന്തിൻചേലണിവേണിതൻ തലയിലി-
ട്ടിട്ടുള്ള ശുഭ്രാംബരം,

ഋജുവും (വളവില്ലാത്തതും) ആയതവും (നീണ്ടതും) ആയ ഊരുകാണ്ഡാംഗ (തുടമേൽ പെട്ടുള്ള ശരീരഭാഗ)ത്തോടുകൂടിയവൾ.

4. നാഗരികമാർ=പരിഷ്കൃതകളായ നഗരസ്ത്രീകൾ. തപസ്വിനി=സാധ്വി തപോധനസ്ത്രീ എന്നും. ഉപാസിയ്ക്കു=സേവിയ്ക്കുക. നിഷ്കമ്പ=നിശ്ചല. സംപൂജ്യ=പൂജിയ്ക്കപ്പെടേണ്ടവൾ.



Digitized By Kerala Sahitya Akademi

കാന്തിപ്പെട്ട നിതംബമണ്ഡലമണൽ-
ത്തിട്ടിങ്കലൂടേ മന-
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി-
ച്ചുംബിപ്പു കാൽപ്പൂവിനെ- 5

പൂവൽക്കയ്യുകൾ മുൻവശത്തു രശനാ-
സ്ഥാനത്തിലർപ്പിച്ചിതാ,
ദേവൻതൻ കഴൽ മൌലിയാൽ മുകരുവാൻ
കമ്പിട്ട നില്പാകയാൽ
താവൽക്കഞ്ചുകസംവൃതസ്തനഭരാ-
വ്യാനമ്രകമ്രാംഗിയാൾ
ത്തുവക്ത്രം ഹ ഹ, തണ്ടൊടിഞ്ഞ നളിനം
പോലേ വിളങ്ങുന്നിതേ. 6

5. നീല .....വേണി = കറുത്ത അഞ്ജനച്ചാറിന്റെ ചേലുള്ള തലമുടിയോടുകൂടിയവൾ. ശുഭ്രാംബര = വെളുത്ത വസ്ത്രം. അടിവരെ തൂങ്ങിക്കിടക്കുന്ന ഒരു വെള്ളവസ്ത്രം, [illegible] മറയുംമാറു തലയിലിട്ടിട്ടുണ്ടായിരുന്നു; അതിനെ കവി [illegible] ശാന്തതയാകുന്ന പാൽപ്പുഴയാണെന്നുൽപ്രേക്ഷിക്കുന്നു

6. രശനാസ്ഥാനം = അരഞ്ഞാണിന്റെ സ്ഥാനം, അരക്കെട്ട്. അർപ്പിച്ച് = വെച്ച്. ദേവൻ = ഈശോ [illegible] ...[illegible] സ്തനഭാരത്താൽ [illegible] മനോഹരാംഗി [illegible] കൂടിയവൾ.

Digitized By Kerala Sahitya Akademi

വൈധുര്യം തെരിയാതെഴും പ്രഭുവധൂ-
വർഗ്ഗങ്ങൾ വക്ത്രപ്രഭാ-
മാധുര്യത്തിന മാലയാദിതിലകം
നെററിയ്ക്കു നിർമ്മിയ്ക്കവേ,
സാധുശ്രീയിവൾ സന്ധ്യതൻ പദരജ-
സ്സേല്ക്കുന്നു തൻനെററിയാൽ:
സാധുശ്രീമണിമേടയല്ല, കുടിലാ-
ണിദ്ദൃഗ്ഗുണങ്ങൾക്കിടം! 7

സോമജ്യോതിരമി [illegible] നിതം-
[illegible] തൊട്ടുമൊരിഷ-
ണോ,മൽച്ചെപ്പാളി ക്ഷുദ്രകൾക്ക പവിത്ര-
കൈക്കൊണ്ടെപ്പിട്ടിതാ,
ആമജ്ജിപ്പു നിമീലിതാക്ഷിയുഗയായ്-
ദ്ധ്യാനാമൃതത്തിൽ സ്സുഖം;
ശുദ്ധപ്പെട്ടൊരു താപസാവസഥമായ്
മാറുന്നിതപ്പാഴ്ക്കുടിൽ! 8

7. വിരൂപത്തിൽ നെററി നിലത്തു മുട്ടിയ്ക്കുന്നതിനെ വർണ്ണിയ്ക്കുന്നു: വൈധുര്യം=ദാരിദ്ര്യദുഃഖം. മാലയാദിതിലകം=ചന്ദനം മുതലായവകൊണ്ടുള്ള പൊട്ട്. സാധുശ്രീ=നല്ല ശ്രീ (കാന്തി, സമ്പത്ത്) യോടുകൂടിയവൾ. ദൃഗ്ഗുണങ്ങൾ=ഉത്തമം ഗുണങ്ങൾ— ഈശ്വരഭക്തി മുതലായവ.

8. [illegible]. [illegible]=[illegible]. നിമീലിതാക്ഷിയുഗ=കണ്ണടച്ചവൾ. താപസാവസഥം=ആശ്രമഗൃഹം.

Digitized By Kerala Sahitya Akademi

പോയാലും പൊടിയിൽക്കളിപ്പതിന്നുതാൻ;
നിന്നമ്മതൻ മേനിയിൽ-
ച്ഛായാന്തം മറിയാന്നമിത്തിരി കഴി-
ഞ്ഞിട്ടാമിളംപൈതലേ:
നീയാകും നിധിയെക്കൊടുത്ത പരമോ-
ദാരന്റെ പാദാരുണ-
ച്ഛായാചാതുരി നേർക്കു കാണ്മാ,നു ലയം
പ്രാപിച്ചിരിപ്പാണിവൻ! 9

നേരിട്ടങ്ങയെ നോക്കിനിന്നു കുശലം
പ്രാത്ഥിച്ചുകൊണ്ടീടുമീ-
ദ്ദാരിദ്ര്യാതുരതൻ മലന്ന മലർപോ-
ലുള്ളോരു പാണിദ്വയം
പൂരിയ്ക്കുന്നതിനെത്ര വേണ്ട,മമിതാ-
കാശത്തു തങ്കദ്രവം
കോരിത്തൂകുമജാത്മജേ തവ കൃപാ-
സമ്പത്തുതൻ തുള്ളികൾ? 10

9. ഈ തക്കത്തിൽ അവളുടെ ചെറുപൈതൽ കളിനിർത്തി അമ്മയുടെ അരികത്തേയ്ക്കു് ഓടിവരുന്നതു കണ്ടു് പറയുന്നു: പാദാ....രുരി=കാലിന്റെ ചുകന്ന കാന്തിയുടെ ചാതുര്യം. അന്തിച്ചുകപ്പിനെ ഈശ്വരന്റെ കാലുകളുടെ ചുകന്ന പ്രഭയായി അധ്യവസായംചെയ്യുന്നു.

10. അമിതാകാശം=അളവില്ലാത്ത വിസ്തൃതമായ ആകാശം. അജാത്മജ=അജന്റെ (ബ്രഹ്മാവിന്റെ) ആത്മജ (പുത്രി)—സന്ധ്യ. സന്ധ്യയുടെ ബ്രഹ്മപുത്രീത്വം പുരാണപ്രസിദ്ധം.

Digitized By Kerala Sahitya Akademi

ഈ മാംഹമ്മദമങ്ക, ദന്തകിരണ-
സ്സ്പർശാൽ ക്ഷണം ചെഞ്ചൊടി-
ശ്രീമാറുംപടിചെയ്യിടും നിഭൃതമാം
മന്ത്രാക്ഷരോച്ചാരണം,
പ്രേമാർദ്രസ്ഫുടഗീതിപോലെ, തിരു'വ-
ള്ളാ'വിൻെറ കർണ്ണങ്ങളിൽ-
പ്പൂമാധ്വീശകലങ്ങളെ പ്രതിപദം
തൂകുന്നതുണ്ടാം ദൃഢം! 11

ഏതാനും പൊരുതിട്ടു കിട്ടുകിലിതിൽ-
സ്സംതൃപ്തിയുാംകൊണ്ടിടും
നീ താനിങ്ങൊരു ലക്ഷ്മിയാണ്;വളിണ-
ങ്ങീലെങ്കിലെന്തുള്ളതേ?

കരുണാനിധിയായ അവിടന്നു തെല്ലൊന്നു കനിഞ്ഞാൽ മതിയ ല്ലോ, ഇവരം തൃപ്തിപ്പെടുവാൻ. അന്തിച്ചുകപ്പിനെ തങ്കദ്രവമായി അധ്യവസായം ചെയ്തിരിക്കുന്നു.

11. ദന്തകിരണസ്പർശാൽ=പല്ലുകളുടെ രശ്മികാം തട്ടിയതു കൊണ്ട്. ക്ഷണനം=ഇത്തിരിനേരാം. നിഭൃതം=പതുക്കെയുള്ള. പ്രേമാർദ്രസ്ഫുടഗീതി=പ്രേമത്തിൻെറ (ഭക്തിയുടെ) ആർദ്രവും (നനഞ്ഞതും) സ്പഷ്ടവുമായ പാട്ട്. പൂമാധ്വീശകലങ്ങാം=പൂ ന്തേനിൻ തുള്ളികാം, പ്രതിപദം=അടിക്കടി.

12. ആ സ്ത്രീയോടു പറയുന്നു: അവരം (ലക്ഷ്മി) ഇണങ്ങി ലെങ്കിൽ __സമ്പത്തുണ്ടായില്ലെങ്കിൽ എന്നർത്ഥം. ഏതാനും ........ ഉാംകൊണ്ടീടു'ന്നവക്കെന്തിനാണ്, സമ്പത്ത്? മാതാ

Digitized By Kerala Sahitya Akademi

മാതാവിന്നഭിമാനദേ, ഭവതിതൻ
കൂലിപ്പണിക്കാരനാം
നേതാവും സ്പൃഹണീയജീവിതനഹോ,
ഭാവൽകസൽപ്രവൃത്തിയാൽ. 12

ധ്യാനം നിർത്തി വിശാലനീലനയന-
ദ്വന്ദ്വം തുറന്നപ്പൊഴെ-
യ്ക്കാ,നന്ദോൽപുളകാംഗിതന്റെ കുടിലിൻ
മീതേ, നഭോവീഥിയിൽ,
ദീനത്രാണപരായണം ത്രിജഗതീ-
നാഥന്റെ തൃക്കയ്യതാ,
ന്യൂനം വാരിവിതച്ചിടുന്നു, വളരെ-
സ്സൗവർണ്ണനാണ്യങ്ങളെ! 13

**വ്**—ഭാരതഭൂമി. അഭിമാനദേ=അഭിമാനം നല്കുന്നവളേ. **നേതാവ്**=ഭർത്താവ്. ഭാവൽകസൽപ്രവൃത്തി=നിന്റെ നല്ല പ്രവൃത്തി.

13. **ആന....ംഗി=ആനന്ദംകൊണ്ടു ദേഹം കോൾമയിർ** കൊണ്ടവൾ. ദീനത്രാണപരായണം=ദീനന്മാരെ (ദരിദ്രന്മാരെ, ദുഃഖിതന്മാരെ എന്നും) രക്ഷിക്കുന്നതിൽ ഒരുങ്ങിയിരിക്കുന്ന. ത്രിജഗതീ=മൂപ്പാര്. സൗവർണ്ണ (സുവർണ്ണംകൊണ്ടുണ്ടാക്കിയ) നാണ്യങ്ങൾ. ഈശ്വരൻ ആ ഭക്തിയിൽ പ്രസാദിച്ചതായി (സമ്പത്തുനല്കിയതായി) സങ്കല്പിക്കുന്നു.

Digitized By Kerala Sahitya Akademi

# "ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി"

(മഞ്ജരി)

I

1. "തസ്കരനല്ല ഞാൻ; തെമ്മാടിയല്ല ഞാൻ;
മുഷ്കരനല്ല ഞാൻ മുഗ്ദ്ധശീലേ;
ദേവി നിൻ ദാസ്യം കൊതിയ്ക്കുമൊരുത്തൻ ഞാൻ;
ഈ വീടിവിടെയ്ക്കു ദാസഗൃഹം!
ഭ[illegible]ൻ്റയല്ലാമച്ഛനം കൈക്കൊണ്ടു
ഭദ്രമാക്കീടുകെൻ ഭാവികാലം!

1. ഹു[illegible]യൂൺ ചക്രവർത്തിയ്ക്കു യദൃച്ഛയാ ഒരു ഹിന്ദുസ്ത്രീയിൽ അ[illegible]ഞ്ഞു ഉററപരിചാരകനായ ഉസ്മാൻഖാൻ, [illegible] ദുർന്നത്തിൻ്റെ ഇഷ്ടം സാധിപ്പിച്ചുകൊടുത്തുമെന്ന് [illegible]. ഒരു ദിവസം അവളെ ചതിപ്പണിയാൽ തൻ്റെ [illegible] വരുത്തിച്ചതിന്നുശേഷം, സംഭ്രാന്തയായ അവളെ ആശ്വസിപ്പിപ്പാൻ നോക്കുന്നു: മുഷ്കരൻ=ക്രൂരൻ. കക്കാനല്ല, ദോഷപ്പെടുത്താനല്ല, ദ്രോഹിപ്പാനുമല്ല ഞാൻ ഭവതിയെ ഇങ്ങോട്ടെത്തിച്ചത്; പൂജിപ്പാനാണ്. ഭദ്രം=മംഗളം.

Digitized By Kerala Sahitya Akademi

2. ആനീലസുസ്നിഗ്ദ്ധപക്ഷ്മനിബിഡമാ-
മീ നീളമേറിയ ലോചനത്താൽ
പെൺമാൻ കണക്കെപ്പകച്ചിങ്ങു നോക്കുവോൻ,
തന്മുന്നിൽച്ചെന്നായയല്ല നില്പു.
സാമാന്യപൂരുഷനല്ല ഭുജിയ്ക്കേണ്ടു
ഭാമിനി, ദിവ്യമാം ത്വത്സൗന്ദര്യം;
ഇപ്പീയൂഷത്തെസ്സൽപാത്രത്തിലാക്കാനാ-
ണത്ഭുതദർശനേ, മൽപ്രാരംഭം.
നമ്മുടെ സമ്രാട്ടാം പൊന്തിരുമേനിയായ്-
സ്സമ്മേളിപ്പിയ്ക്കുവാൻവേണ്ടിയത്രേ,
ക്ഷേത്രത്തിൽനിന്നു തിരിച്ചുപോം ദേവിയെ-
സ്സൂത്രത്തിൽ ഞാനിങ്ങു കൊണ്ടുപോന്നു.

3. ദേവിതൻ മേനാവെട്ടപ്പവരിങ്ങോട്ടു,
നേർവഴി മാററി നടക്കാനായ്, ഞാൻ

2. ഇതു കേട്ടിട്ടും ഉദ്ദേശമറിയാതെ അവൾ പകച്ചുനോക്കുന്നതു കണ്ടു പറയുന്നു. ആനീ......ഡം—കറുത്തു മിനുത്ത പക്ഷ്മങ്ങൾ=(ഇമരോമങ്ങൾ) ഇടതിങ്ങിയത്. ഭാമിനി=സുന്ദരി. ഇപ്പീയൂഷം=നിന്റെ സൌന്ദര്യമാകുന്ന അമൃത്. സൽപ്പാത്രം=നല്ല പാത്രം (ഉൽകൃഷ്ടനായ അനുഭോക്താവ്) അത്ഭുതദർശനേ—കണ്ടാലാശ്ചര്യമുളവാക്കുന്ന സുന്ദരി. സമ്രാട്ട്=ചക്രവർത്തി. സമ്മേളിപ്പിയ്ക്കുക=ചേർക്കുക.

3. മേനാവെട്ടപ്പവർ വഴി തെററിപ്പോന്നതു ദേവിയെ വഞ്ചിയ്ക്കേണമെന്ന ഉദ്ദേശത്താലല്ല; അവരുടെ കണ്ണു മഞ്ഞളിച്ചുപോയതിനാലാണ്!

Digitized By Kerala Sahitya Akademi

സ്വർണ്ണനാണ്യങ്ങൾ ചൊരിഞ്ഞു,പ്പരിഷതൻ
കണ്ണുകൾ മഞ്ഞളിപ്പിച്ചിരുന്നു.

4. പൊങ്ങിപ്പരന്ന മാർത്തട്ടിളു നിശ്വാസം
തങ്ങിത്തുളുമ്പുവതെന്തിനയ്യോ?
കാലേ സമാഗതമാകിയ ഭാഗ്യത്തിൻ
കാൽ കഴുകിപ്പതു കണ്ണീർകൊണ്ടോ!

5. ജാതി പോമെന്നൊരു ചിന്ത ഭവതിതൻ
വാർതിങ്കൾവക്ത്രത്തിൽക്കാറാകൊല്ലേ:
എൻതമ്പുരാനുടെയന്തഃപുരത്തിലെ
ഹിന്ദുസ്ത്രീയെന്നെന്നും ഹിന്ദുസ്ത്രീതാൻ;
അപ്പപ്പോൾ തന്നോടുചേരും നദികളെ-
യുപ്പു പിടിപ്പിയ്ക്കില്ലിസ്സമുദ്രം!
അന്യമതദ്വേഷമുണ്ടോ മുഹമ്മദ-
മന്നാർമണികൾക്ക പണ്ടുപണ്ടേ ?

4. ഇതു കേട്ടപ്പോൾ അവൾ തനിയ്ക്കു ചാരിത്രഭംഗം വരുമെന്നു ഭയന്നു നെടുവീർപ്പിട്ടതു കണ്ടു വീണ്ടും പറയുന്നു: കാലേതന്നെ കാലേ സമാഗതമായതു്. ഭാഗ്യം വരുമ്പോൾ കരയുകയാണോ വേണ്ടതു്!

5. അക്കാലത്തു് മൊഗൾചക്രവർത്തികളുടെ പത്നിമാരായ ഹിന്ദുസ്ത്രീകൾ തങ്ങളുടെ ധർമ്മാചാരങ്ങളെ പരിത്യജിയ്ക്കാതെ, തങ്ങൾ അപ്പോഴും ഹിന്ദുസ്ത്രീകളാണെന്നഭിമാനിച്ചിരുന്നു. ആഹിതാത്മാവ്=(അന്യമതദ്വേഷം ചെയ്യാതിരിയ്ക്കുന്നതിൽ) ശ്രദ്ധ ചതിപ്പിയ്ക്കുന്നവൻ. സാമ്യനിഷ്ഠൻ=സമഭാവനയുള്ളവൻ. സ്വ

Digitized By Kerala Sahitya Akademi

ഈ ഹുമയൂൺ ചക്രവർത്തി വിശേഷിച്ചു-
മാഹാത്മാവതിസാമ്യനിഷ്ഠൻ;
അള്ളാവിനൊപ്പമക്കല്യൻ പ്രജകളി-
ലെല്ലാം പുലർത്തുന്നു സ്വസ്വധർമ്മം."

6. എന്തോ കഥിപ്പാൻ മുതിർന്ന സുമുഖിതൻ
ചെന്തൊണ്ടിവായ്മലർ ചൊറിളകീ;
അപ്പൊഴെയ്ക്കുവ്വീശസേവകനുസ്മാൻഖാ-
നല്പം പതുക്കെയായ്ക്കൊളുടന്നാൻ:—

7. "പത്തു നാഠം മുമ്പൊരു കേളീസഞ്ചാരത്തി-
ലത്തിരുമേനിയ്ക്കീ മംഞ്ജുവക്ത്രം,
ഗ്രാമത്തിൽദ്ദേവിതൻമാളികതന്നിലെ-
ത്തുമണിക്കണ്ണാടിജ്ജനാലികൾ

സ്വധർമ്മം=താന്താങ്ങളുടെ ജന്മസിദ്ധങ്ങളായ ധർമ്മാചാരങ്ങളം.

6. 'അത്ര ധർമ്മിഷ്ഠനായ ചക്രവർത്തി എന്തുകൊണ്ടാണ് എന്നെച്ചതിച്ചു ചാരിത്രഭംഗം ചെയ്യാൻ ഒരുമ്പെട്ടത്?' എന്നോ മറേറാ ചോദിപ്പാനാവാം ചുണ്ടനക്കിയത്. അപ്പൊഴെയ്ക്ക്— ദേവി വൈമനസ്യത്തോടെ വല്ലതും കടന്നുപറയുന്നതിന്നുമുമ്പ്, തനിയ്ക്കു പറയാനുള്ളതെല്ലാം പറഞ്ഞു വൈമനസ്യം തീർക്കണമെന്നാണ് ഉസ്മാൻഖാന്റെ ഉദ്ദേശം. അല്പം പതുക്കെയാക്കിയതു പറയുന്ന വിഷയമനുസരിച്ചത്രേ.

7. നേത്ത......ശ്രേണി=ശരൽകാലത്തിലെ നേരിയ കാറുകറം. ഉന്മുഖൻ=മുഖമുയർത്തിയവൻ.

Digitized By Kerala Sahitya Akademi

കാണുമാറായ്‌വന്നു, നേർത്ത ശരൽഘന-
ശ്രേണിയിലേണാങ്കബിംബം പോലെ;
രണ്ടുനാലാവൃത്തി തൃക്കൺപതിച്ചു,ണി-
വണ്ടിയിൽപ്പിൻനില്ക്കുമീ ഞാൻ കേൾക്കെ;
'വിണ്മലർത്തോപ്പിലെപ്പൊൻപനിനീർപ്പൂവെ'-
ന്നന്മുഖനായതുൾചെയ്തുതാനും!

8. അത്തിഥി തൊട്ടാ വിശിഷ്ടാനുഭാവൻ്റെ
വിസ്തീർണ്ണഗംഭീരമായ ചിത്തം
ഇക്കൊച്ചുമെയ്യാൽ നിറഞ്ഞിരിക്കുന്നതായ്,
നൽക്കാഴ്ച കൂട്ടമെൻ കൺകൾ കണ്ടു.

9. പോരെയോ ഭാഗ്യമിതാ,രുമറിയാതെ-
യാരണ്യസ്ഥാനത്തു നിന്ന പുഷ്പം,
ഭാരതലക്ഷ്മിയാൾ ചുംബിച്ചു തൃക്കയ്യിൽ-
ച്ചേർത്തുവാനല്ലോ തുടങ്ങീടുന്നു!

8. വിശിഷ്ടാനുഭാവൻ=ശ്രേഷ്ഠപ്രകൃതി. വിസ്തീർണ്ണഗംഭീരം= വിശാലമായതും ആഴമുള്ളതും. ഇന്നവിധമെന്നു പറവുള്ളവർക്കറിയാൻ കഴിയാത്തതായ വിസ്താരവും ആഴവുമുള്ള. ചിത്തം... കണ്ടു'— എപ്പോഴും ഭാരതത്തെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുന്നതായി നാനാലക്ഷണങ്ങളെക്കൊണ്ടു ഗ്രഹിച്ചു; ഇതിൽ തെററു പററിയിട്ടില്ല.

9. വിവരണം പറഞ്ഞുതീർത്തു പ്രലോഭനം ആരംഭിക്കുന്നു. ഭാരതലക്ഷ്മിയാൾ (ഇന്ത്യാസാമ്രാജ്യശ്രീ)ക്കുപോലും കാമ്യമായ ഇ

Digitized By Kerala Sahitya Akademi

10. ഇന്ദിരാതുല്യയാം ദേവിയെ വേട്ടവ-
നിന്നൊരു സമ്പന്നനായിരിയ്ക്കാം;
എന്നാലിതോക്കേണം: മൂടൽമഞ്ഞാണൊരു
കന്നെങ്ങി? പ്രാലേയശൈലമെങ്ങോ?
കൊള്ളാമോ ശ്രേയസ്സിൽസ്സംതൃപ്തി നമ്മൾക്കു;
വെള്ളിനിലാവിൽക്കുളിച്ച രാവും
ചെമ്പൊന്നാമാദിത്യരശ്മിയെയാരാഞ്ഞു
മുൻപോട്ടു പോവതു കാണുന്നില്ലേ?

11. നാളെയ്ക്കിവിടുന്നു ഭാരതാധീശ്വരി!
നാളെയ്ക്കീയുസ്മാനോ മുഖ്യമന്ത്രി!
ഇന്നെന്റെ ദേവിയെക്കേവലസ്ത്രീയായ്ക്ക-
ണ്ടെന്നിറം കെട്ടു മറഞ്ഞു സൂര്യൻ

ക്കയ്യിൽ ചേരുക എന്ന സൌഭാഗ്യാതിശയമാണ് ഭവതിക്കു വരുവാൻ പോകുന്നത്!

10. ഇന്ദിര=ശ്രീദേവി. ഇന്നൊരു.....രിയ്ക്കാം—നാളെയ്ക്കു ദരിദ്രനായി എന്നും വരാം; സമ്പൽദ്ദേവതാതുല്യയായ ദേവിയെ വേട്ടതുകൊണ്ടാവാം, അയാൾ സമ്പന്നനായതെന്നും സൂചിപ്പിയ്ക്കുന്നു. ഈ 'പ്രാലേയശൈലം' (ഹിമവാൻ) എന്നു പറഞ്ഞതു, സംഭവം നടക്കുന്ന ആഗ്രാനഗരത്തിൽനിന്നു നോക്കിയാൽ ഹിമവാനെ കാണാവുന്നതുകൊണ്ടത്രേ. 'ഞാനതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാ'മെന്നാണെങ്കിൽ: 'കൊള്ളാ.....തില്ലേ?' രാവു, വെള്ളി ധാരാളമുണ്ടായിരുന്നിട്ടും പൊൻ തേടി മുന്നോട്ടു പോകുന്നു!

11. വരാൻപോകുന്ന ശ്രേയസ്സെന്താണെന്ന്. അധീശ്വരി=ചക്രവർത്തി. മാത്രമല്ല, ഇതുവഴി മറ്റൊരാൾക്കുകൂടി ഉൽക്കർഷ

Digitized By Kerala Sahitya Akademi

നാളെ ശ്രീഭാരതരാജ്ഞിയായ്ക്കണ്ടിട്ടു
നീളെ നിറകതിർ വാരിവീശ്രും!

12. മോശമാമീ വീട്ടിലൊട്ടിട വാഴ്കതിൻ
ക്ലേശത്തെദ്ദേവി സഹിയ്ക്കവേണം.
മാരിനീർത്തുള്ളിയ്ക്ക ചിപ്പിയുൾപ്പൂകാതെ
മാണ്പെഴും മുത്തായ്ത്തീരുവാനും,
മാന്യരത്നാഢ്യമാം മന്നവൻതൻ തിരു_
മാറിലണവാനമാവതാണോ?"

13. അത്ഥമിതൊക്കെയാണെന്നാലുരച്ചതി_
ന്നുത്തരമെന്തിങ്ങു ചൊല്ലും തന്വി?
'ധീരനാം രാജാവേ, സാധുവാം സ്ത്രീയുടെ
ചാരിത്രം പോക്കൊല്ലേ' എന്നണത്തി
ക്ഷോണീശിതാവെ നമിപ്പതുപോലെ, താൻ
വാണ മഞ്ചത്തിൽക്കമിഴ്ന്നു വീണാൾ.

ഉണ്ടാവും: 'നാളെ...വീശ്രും' എന്റെ ദേവി ഇപ്പോഴത്തെ നിലയിരിയ്ക്കുന്ന ഈ സന്ദർഭം പോലും ദുഃഖകാരണമാണ്! ഭവതി ഉൽകൃഷ്ടസ്ഥാനത്തെത്തിയാൽ അവിടുന്നും സന്തോഷിയ്ക്കും! ഒരു രാത്രികൊണ്ടു വരാൻപോകുന്ന വ്യത്യാസം എന്തായിരിയ്ക്കുന്നു!

12. മോശം = ചീത്ത. മാന്യരത്നാഢ്യം=മേത്തരം രത്നങ്ങളാ ചാർത്തിയണിഞ്ഞ.

13. അത്ഥമി.........തിന്ന് — ഭാഷ ഇതല്ലെന്നുമാത്രം. ഇങ്ങ്=ഇവിടെ പറ്റുക; എത്ര പറഞ്ഞാലും ഫലമില്ലെന്നർത്ഥം. ധീരൻ— ഒരു സാധുസ്ത്രീയുടെ ചാരിത്രം പോകാതിരിപ്പാൻ അങ്ങയ്ക്കു ധൈര്യമുണ്ടാവും! ക്ഷോണീശിതാവ്=രാജാവ്.

Digitized By Kerala Sahitya Akademi

## II

1. ക്ലിഷ്ടയാം സാധ്വിയെക്കണ്ടു സഹിയ്ക്കാഞ്ഞാ
പട്ടണമൊക്കയും കണ്ണടച്ചു്:
നിശ്ശബ്ദയായീ ക്രമേണ നിശീഥിനി;
വിശ്വത്തെ വീക്ഷിച്ചു നിന്നാൻ ചന്ദ്രൻ.

2. അത്തു ഛമയ്യണെന്ന രാജാധിരാജനും
മോഹനോദാരനിശീഥവേഷൻ,
ധൂപമാല്യാദിതൻ ഹൃന്മണം വീശുന്ന
ദീപോജ്ജ്വലിതമാം പള്ളിമച്ചിൽ,
ചന്തം തികഞ്ഞൊരു ചന്ദനക്കട്ടിലിൽ,
വെൺതനിപ്പട്ടുകിടയ്ക്കതന്മേൽ
ഏകാകിയായിശ്ശയിച്ചുരുളീടിനാൻ,
സൈകതത്തിട്ടിൽഗ്ഗജേന്ദ്രൻ പോലെ.

1. പട്ട.....ടച്ചു്'—പട്ടണത്തിലെ ഗോപുരങ്ങളും വാതിലുകളും ജനലുകളുമെല്ലാം അടച്ചു; ജനങ്ങളെല്ലാം ഉറങ്ങി. ഒരാൾക്കും കാണ്മാനാകായ്കയാൽ കണ്ണു ചിമ്മി; മറെറാരാൾ എന്തു ചെയ്യേണ്ടു എന്നറിയാതെ നിശ്ശബ്ദമായി നിന്നു: വേറൊരാൾ ലോകത്തിൻെറ വിഷമതയെപ്പററി ആലോചിച്ചു നില്പായി.

2. മോഹ.....ഷൻ=മനോഹരവും ആനന്ദകരവും [illegible] ധരിക്കാവുന്നതുമായ വേഷത്തോടുകൂടിയവൻ; ഏകാകി = [illegible] ഞ്ഞിമാരോ പരിചാരകന്മാരോ ഇല്ലാതെ, ഒററയ്ക്കു്.

Digitized By Kerala Sahitya Akademi

3. നിദ്രയ്ക്കുന്മതി കിട്ടിക്കഴിഞ്ഞിട്ടി-
ല്ലത്തിരുനെററി തലോടിക്കൊണ്ടുവാൻ;
എന്തോ വിചാരത്തിൽസ്സഞ്ചാരം ചെയ്കയാം
ഹന്ത, മഹീശൻെറയന്തരംഗം.
കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു;
കൊച്ചുകുടിൽക്കെന്തു നിദ്രാസുഖം!
എന്നാലവിടെയ്ക്കു രാജ്യതന്ത്രത്തില-
ല്ലിന്നാം ബുദ്ധിയെന്നൂഹിക്കുന്നേൻ.
താമരനേർക്കണ്ണു വിടർന്നു തെളിയുന്നു,
ധീരമാം വക്ത്രത്തിൽ ശൃംഗാരവും;
മന്മഥനെന്ന മഹാകവിയാകുന്ന-
മിന്നേരമാരാജ്യത്തിൻ ഗ്രന്ഥകാരൻ:

4. നേരിയ കാലൊച്ചയൊന്നു പുറത്തു-
ത്താരാൽ ശ്രവിച്ചതായ്ത്തോന്നുകയാൽ,
കൈമുട്ട് ശീർഷോപധാനത്തിൽക്കുത്തിയും
കാർമുകിൽമീശ വളർന്ന ഗണ്ഡം

3. നിദ്ര.........വാൻ — ഉറങ്ങുവാൻ ഒരുങ്ങിയ കിടപ്പല്ലെന്നർത്ഥം. മുഖത്തു പല വികാരങ്ങളേയും സ്ഫുരിപ്പിക്കുന്ന ആ മനോരാജ്യം വിചാരിച്ചുകൊണ്ടുള്ള കിടപ്പിനെ ഒരു പുസ്തകവായനയാക്കി കല്പിച്ചു പറയുന്നു. മന്മഥ .....കാരൻ — ഈ മനോരാജ്യത്തിനു കാരണം കാമനായിരിക്കുന്നു. വിൺമലർത്തോപ്പിലെ പൊന്മലർപ്പൂവിന്റെ സ്മരണയാവാം, കണ്ണുകളെ വിടർത്തിയതും മുഖത്തു ശൃംഗാരത്തെ സ്ഫുരിപ്പിച്ചതും.

Digitized By Kerala Sahitya Akademi

മാററക്രട്ടന്ന തൂക്കൈത്താരിൽച്ചായ്ച്ച,മൊ-
ന്നേററു ചെരിഞ്ഞു കിടന്നാൻ ഭൂപൻ.

5. ഛിക്കൊന്നൊരത്ഭുതജ്യോതിഃപ്രവാഹമ-
പ്പൊൽക്കളിർപ്പൂമച്ചിൽ വന്നലച്ചു;
കൺമയക്കീട്ടമാ മിന്നലിൻ മോലമോ,
നമ്മുടെയുസ്മാൻഖാനായിരുന്നു.
ആയവന്നെപ്പോഴും ചെല്ലാം തിരുമുമ്പി-
ലാ,രും തടയില്ലരുളപ്പാടാൽ.

6. 'വിൺമലർത്തോപ്പിലെപ്പൊൻപനിനീർപ്പൂവോ'
തന്മുന്നിൽക്കാൺമൂ കിനാവുപോലെ!
സംഭ്രമം കിഞ്ചന സ്പഷ്ടമായ്പ്പോംവിധം
തമ്പുരാനങ്ങെഴുന്നേററിരുന്നു.

4. ആരാൽ=അരികെ. ശീർഷോപധാനം=തലയ്ക്കു് വെയ്ക്കുന്ന തലയണ.'

5. അത്ഭു......ഹം=അത്ഭുതമായ ഒരു തേജസ്സിന്റെ ഒഴുക്ക് (പ്രസരണം). പൊൽക്കളിർപ്പൂമച്ച്=സ്വർണ്ണമയമായി തണുപ്പുള്ള നല്ല അറ. കൺമ......രുന്നു—ആ പ്രകാശത്തെ കൊണ്ടുവന്നതു് ഉസ്മാൻഖാനായിരുന്നു; ഇതുകൊണ്ടു, നായികയുടേയും ഉസ്മാൻഖാന്റേയും ആകൃതിഭേദം സൂചിതമായി. അരുളപ്പാടാൽ=ചക്രവർത്തിയുടെ കല്പനയാൽ.

6. കിനാവുപോലെ—താൻ ഉറങ്ങി സ്വപ്നം കണ്ടതായിരിക്കുമോ എന്നു് ആദ്യം സംശയിച്ചുപോയി. മററുള്ളവരിൽനിന്ന് ആകാരഗോപനം ചെയ്യുന്ന ഗംഭീരചിത്തനായ അദ്ദേഹത്തിനും,

Digitized By Kerala Sahitya Akademi

തീരേ തിരുവുള്ളിലോരാതുള്ളൊന്നല്ലോ,
ഈ രുചിരോത്സവപ്രാദുർഭാവം.

7. പൃത്ഥ്വീശ്വരേശ്വര, പത്തുനാളങ്ങുന്നു
ഹൃത്തിനാൽസ്സേവിച്ച ദേവിയിതാ,
പ്രത്യക്ഷയായ്‌വന്നു; കാമം വരിച്ചുകൊൾക-
കെ,ത്രയോ പേക്ഷിഷ്ടമേകിയോനേ!

8. ദേവിയുമുസ്മിതമാ രാജരാജൻെറ
ചേവടിയിങ്കൽ നമസ്കരിച്ചാർ.
നീണ്ട വിരലുകൾ കോർത്തുപിടിച്ചുഴ-
കാണ്ട കരങ്ങൾ മടിയിൽ വെച്ചും,

തൽക്കാലത്തെ സംഭ്രമം വെളിപ്പെടാതെ കഴിപ്പാൻ സാധിച്ചില്ല. രുചി......ഭാവം=മനോഹരമായ ഉത്സവത്തിൻെറ വരവ്; നായികയുടെ ദർശനം.

7. കവി, അഥവാ ചക്രവർത്തിയുടെ മനസ്സാക്ഷിതന്നെ പറയുന്നു. കാമം വരിച്ചുകൊൾക=ഇഷ്ടമായ വരം അപേക്ഷിച്ചുകൊൾക. 'എത്രയോ പേക്ഷിഷ്ടമേകിയോനേ'—അങ്ങയുടെ അപേക്ഷ എന്തായാലും, നായികയ്ക്കെന്തിഷ്ടമോ, അതേ അങ്ങ് ഒടുവിൽ സാധിപ്പിയ്ക്കുകയുണ്ടാവു എന്നു സൂചന.

8. കാഞ്ചനരേഖാങ്കം=സ്വർണ്ണരേഖയുള്ളത്. വാർകുനുചില്ലി=നീണ്ട കനത്ത പുരികം. 'ആയാസപ്പെട്ടു നിയന്ത്രിച്ചു'—തൽക്കാലം പരസ്ത്രീയായ അവളെ ആവിധം സാഭിലാഷമായി നോ-



Digitized By Kerala Sahitya Akademi

കാഞ്ചനരേഖാങ്കവെൺപട്ടുറയിട്ട
കാൽ തൂക്കിയിട്ടമിരുന്നരചൻ,
'തെല്ലുഴഞ്ഞുള്ള കാർകൂന്തലോ, വാർകുനു-
ചില്ലിയോ, ചില്ലൊളിപ്പൂംകവിളോ,
ഏതേതു നോക്കേണ്ട'മെന്നു മൃഗാക്ഷിതൻ
മെയ്തന്നിൽപ്പായുന്ന കണ്ണിണയെ
ആയാസപ്പെട്ടു നിയന്ത്രിച്ചു, സാകൂത-
മായൊന്നു നോക്കിനാനാശ്രിതനെ.
'കാണിയ്ക്കയായ് വെച്ചേൻ പൊന്നുതൃക്കാല്ക്കലീ
മാണിക്യക്കല്ലിനെ'യെന്നാനവൻ.

9. ക്ഷിപ്രമവിടുത്തെയുൾപ്രസാദാങ്കുരം
തൃപ്പല്ലവാധരമധ്യേ കാണായ്;
വെൺകളിയായിതസ്സുസ്മിതമുസ്മാന്റെ
സങ്കല്പസൌധത്തിനെന്നേ വേണ്ടൂ!

കുന്നതു മര്യാദയല്ലല്ലോ. ഈ മാണിക്യക്കല്ല്—നായിക. മുഹമ്മദീയർ സുന്ദരികളെ മാണിക്യക്കല്ലെന്നധ്യവസായം ചെയ്യാറുള്ള തോർക്കുക.

9. ഉടനെ അവിടെയുണ്ടായ ഉൾപ്രസാദാങ്കുരം (മനസ്സന്തോഷത്തിന്റെ മുള—ചെറുപുഞ്ചിരി) ചുണ്ടാകുന്ന തളിരിന്റെ ഇടയിൽ പുറപ്പെട്ടുകാണായി. സങ്കല്പസൌധം=മനോരാജ്യമാളിക. അയാൾ സങ്കല്പംകൊണ്ടു പണിചെയ്ത മാളികയ്ക്കു (മുഖ്യമന്ത്രിപദലാഭം) കുമ്മായം തേയ്ക്കുക എന്ന ഒടുവിലത്തെ പണിയും കഴിഞ്ഞു!

Digitized By Kerala Sahitya Akademi

സുന്ദരിയോടഥ സാദരം ചോദിച്ചു
മന്ദമധുരമായ് മന്നോർമന്നൻ:
"ഭദ്രേ, ഭവതിയ്ക്കു സമ്മതംതാനല്ലീ
ഭക്തനാമെന്നുടെ ദേവീപദം?"

11. സങ്കുചിതാംഗിയായ് സ്സാഞ്ജലിയായ് നിന്ന
മങ്കയാൾ ഗൽഗദം പൂണ്ടു ചൊന്നാൾ:
"കന്യകയല്ലാ ഞാൻ—കാന്തനെൻ പ്രാണനാ-
ണ—ന്യനെ—യപ്രീതി തോന്നരുതേ!"

12. ഭാവം പകർന്നു നൃപനാ; പരസ്ത്രീയെ-
പ്പാവയായെണ്ണുമപ്പുണ്യശ്ലോകൻ
'ഇസ്സാധ്വിയെങ്ങിനെയിങ്ങു വന്നെത്തി'യെ-
ന്നസ്മാനോട്ടഞ്ജസാ ചോദ്യംചെയ്താൻ.

10. ഭദ്ര=മംഗളസ്വഭാവമുള്ളവൾ. ഞാൻ ഭവതിയെ ദേവിയാക്കിവെച്ച് ആരാധിയ്ക്കട്ടെയോ?'

11. സങ്കുചിതാംഗി=(വിനയംമൂലം) അംഗങ്ങൾ ഒതുക്കിയവൾ. സാഞ്ജലി=കൂപ്പുകയ്യോടുകൂടിയവൾ. ഗൽഗദം=തൊണ്ടയിടച്ചു, ഭയം, പരിഭ്രമം, ശങ്ക എന്നിവയാൽ അവൾ വിങ്ങിവിങ്ങിപ്പറയുന്നു: 'ഞാൻ വേൾക്കപ്പെട്ടവളാണ്; ഭർത്താവു ജീവനെപ്പോലെയാണ്: അന്യനെ—'ഞാൻ ഭർത്താവായി വിചാരിയ്ക്കപോലും ഇല്ല' എന്നോ മറ്റോ പറവാൻ തുടങ്ങിയപ്പോഴെയ്ക്കും ഭയമായി; രാജാവിന് അപ്രീതിതോന്നിയാലോ? അപ്രീതി തോന്നരുതേ!'

Digitized By Kerala Sahitya Akademi

നമ്രാംഗി നീണ്ടൊരു വീർപ്പിലടക്കിത്തൻ
നന്ദി നരേന്ദ്രന്റെ നേർക്കയച്ചാനം!

13. വാസ്തവമെല്ലാമുണർത്തിച്ചു സേവകൻ
ഭീത്യാ വരണ്ടുള്ള കണ്ഠവുമായ്;
പാർത്ഥിവനേത്രത്തിൽനിന്നിടിവാളൊന്നാ-
സ്വാർത്ഥപരന്റെ ശിരസ്സിൽപ്പാഞ്ഞു.
"ആരങ്ങി,വനെ—യീ മൽപ്രജാദ്രോഹിയെ-
ക്കാരാഗൃഹത്തിലടച്ചിടട്ടേ!"
സ്വാന്തം നിക്ഷേപിപ്പാൻ തീർത്ത നിലവറ
ലുബ്ധന്റെ പാഴ്ത്തുറുങ്കായ്ത്തീർന്നു!
ആ മണികങ്കണസമ്മാനമാശിച്ചി-
ട്ടാമമേ കൈകൾ നേടിയുസ്മാൻ!

14. "മങ്കേ,കരയായ്ക: മാലോകർകണ്ണീരെൻ-
ചെങ്കോലിതാഴിയിലേയ്ക്കാഴ്ക്കം!

12. പാവയാ.........കൻ=വെറും പാവയെ എന്നപോലെ നിർവ്വികാരം കാണുന്ന പരിശുദ്ധചരിത്രൻ. ഊർജ്ജസ്വ=കഷത്തോടേ. നമ്രാംഗി=കുനിഞ്ഞിരിക്കുന്നവൾ. അവൾ നന്ദിസൂചകമായ ഒരു നെടുവീർപ്പിട്ടു.

13. ഭീത്യാ=ഭയംമൂലം. പാർത്ഥി.........ഞ്ഞു—ചക്രവർത്തിയുടെ തീക്ഷ്ണമായ നോട്ടംകൊണ്ട് ഉസ്മാൻഖാന്റെ തല ചുട്ടു നീറുകയായി. ലുബ്ധൻ=ലോഭം (കിട്ടണം എന്ന വിചാരം) ഉള്ളവൻ.

Digitized By Kerala Sahitya Akademi

മാപ്പിളമാർ ചെയ്ത തെറ്റു മറന്നു നീ
മാപ്പീഹമയ്യണിന്നേകിയാലും!
ഇപ്പൊഴേ നമ്മുടെ പല്ലക്കുകാർ നിന്നെ-
ത്തൽഭർത്തൃമന്ദിരം പ്രാപിപ്പിയ്ക്കും;
എന്നനുജത്തി, നീ സൌഖ്യമായ് വാണാലും!"
എന്നരുൾചെയ്ത നരേന്ദ്രനോടായ്
തന്വി കൃതജ്ഞത കാണിച്ചപേക്ഷിച്ചാൾ—
"എന്നിൽത്തിരുവുള്ളമുണ്ടെന്നാകിൽ
ഭൃത്യന്റെ കുറ്റം പൊറുക്കുമാറാകണം;
മത്ത്യന്നു കൈപ്പിഴ ജന്മസിദ്ധം!"
ഗീരിതരചനാ രോമാഞ്ചമേററി; ഹാ,
ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി!

15. 'ഉസ്താൻ, നീയാരെയോ കഷ്ടപ്പെടുത്തിയി-
ണ്ടസ്സാധ്വിതാൻ നിന്നെസ്സംരക്ഷിച്ചു!
ബാലികേ കൈക്കൊൾക മാമകപ്രീതിയ-
ന്നീ ലഘുചിഹ്ന'മെന്നുഴിനാഥൻ

14. മാലോകർ ..........ഴക്കം—പ്രജകൾ എതിർക്കേണ്ടതെന്നില്ല, അവർ ദുഃഖിയ്ക്കുന്നതുതന്നെ—അവരുടെ മനോവേദന തന്നെ—രാജാവിന്റെ അധഃപതനത്തിന്നു കാരണമാവും. മാപ്പിളമാർ—ഇതു ഹിന്ദുക്കൾ പറയാറുള്ളതിന്റെ അനുവാദമാണ്. ഭൃത്യന്മാർ ചെയ്ത തെറ്റിന്നു ചക്രവർത്തി മാപ്പുചോദിയ്ക്കുന്നു. ഗീര്=വാക്ക്. ഭാവശുദ്ധി=സ്വഭാവനൈർമ്മല്യം.

Digitized By Kerala Sahitya Akademi

ഏറെ വിലപ്പെട്ട നൻമുത്തുമാല്യമ-
ങ്ങരിയെട്ടത്തവാം തൻകഴത്തിൽ,
അച്ഛൻ മകളുടെ കണ്ഠത്തിലെന്നപോ-
ലിച്ഛയാ ചാർത്തിച്ചാൻ തൃക്കൈകളാൽ.

15. മാമ......ഹനം=എന്റെ സന്തോഷത്തിന്റെ ചെറിയ ഒരടയാളമായ ഇത്.

---

Digitized By Kerala Sahitya Akademi

# പാരസ്യസ്നാനം

"ഹാ, കണ്ടതിൽക്കാണാത്തതിലീശ്വരത്വം
കല്പിച്ചു കല്പിച്ചു നടന്നൊടുക്കം
നിരീശ്വരത്വത്തിലടിഞ്ഞു വീണു,
നിരസ്തവിശ്വാസരറേബിയക്കാർ! 1

കുറമ്പു മാറാത്ത കുറൈഷിവർഗ്ഗ-
ക്കോതിക്കൊടുത്തേൻ പലവട്ടവും ഞാൻ:
'ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല-
ല്ലുള്ളാവു സ്വാതിശയശക്തനേകൻ.' 2

1. നിരസ്തവിശ്വാസർ=വിശ്വാസം വിട്ടവർ. അറേബിയക്കാർ ആദ്യകാലങ്ങളിൽ കണ്ടതിൽക്കാണാത്തതിലൊക്കെ ഈശ്വരത്വം കല്പിച്ച്, ഒടുവിൽ ഈശ്വരവിശ്വാസികളല്ലാതായിത്തീർന്നു.

2. കുറൈഷി — ഒരു വർഗ്ഗത്തിന്റെ പേർ. സ്വാതിശയശക്തൻ=എല്ലാററിനെയും കവിയുന്ന ശക്തിയുള്ളവൻ.

Digitized By Kerala Sahitya Akademi

ഇവൎക്കിരുട്ടേ പ്രിയമിത്രം:–ഊതി–
ക്കെടുക്കയായ്, കൈത്തിരി കൊണ്ടുചെന്നാൽ;
മിന്നാമിനുങ്ങിൻ ചെറുതാം വെളിച്ചം
പോലും സഹിയ്ക്കാത്ത തമസ്സിതേതോ! 3

കലാവിശേഷം കൊലയിബ്ബലോഗ്ര–
ക്കി;–തൃഢപാശന്മാക്കിരിക്കിലുംപാൽ;
പിശാചർ വംശേശ്വരരിക്കഭക്ത–
ക്കി,–തിൽക്കവിഞ്ഞെന്തവിവേകമുള്ളൂ? 4

കഷ്ടാവമാനങ്ങളിൽ വീഴ്ത്തിടുന്നു
കാമാതിരേകാൽക്കുലനാരിമാരെ;
ആരാധ്യമാരാമവരമ്മപെങ്ങ–
ന്മാരെന്നു കാണ്മാനിവർ കൺമിഴിയ്ക്കാ! 5

൩. ഊതി..... ചെന്നാൽ—കൈത്തിരി(ജ്ഞാനം) കൊണ്ടു ചെന്നാൽ ഊതിക്കെടുത്തും. ഇക്കൂട്ടൎക്ക് ഇരുട്ടാണ്, ഉറ്റചങ്ങാതി. തമസ്സ്=ഇരുട്ട്, അജ്ഞാനമെന്നും. സാധാരണതമസ്സ് മിന്നാമിനുങ്ങിൻ വെളിച്ചത്തെ കൈക്കൊള്ളുന്നുണ്ടല്ലോ.

൪. കലാ ....ബലോഗ്രക്ക്=ഈ കൃതഘ്നന്മാരുടെ കലാവിദ്യ കൊലപാതകമാത്രം. തൃഢപാശന്മാർ=തൃട്ടിന്ന് (തൃഷ്ണയ്ക്ക്, ലോഭത്തിന്ന് എന്നും) അടിപെട്ടവർ. ഈ കഭക്തക്ക് പിശാചുക്കളാണ് വംശേശ്വരർ=കുലദേവതകൾ. അവിവേകം=വിവേചനബുദ്ധിയില്ലായ്ക.

Digitized By Kerala Sahitya Akademi

മൃഗോപമന്മാർ പെരുമക്കൃഷിയ്ക്കു
നകങ്ങൾ വെച്ചു, നരർതൻ കഴുത്തിൽ,
സഗർഭ്യരെച്ചെന്നടിമക്കെട്ടക്കി-
ട്ടങ്ങോട്ടുമിങ്ങോട്ടുമിഴച്ചിടുന്നു! 6

സൌധങ്ങൾതോറും സമസൃഷ്ടദുഃഖ-
ക്കണ്ണീരുകൊണ്ടേ പനിനീരൊഴുക്കി,
അനേകദുർവൃത്തികളെപ്പുണർന്നു
രമിയ്ക്കയാണിസ്സുഖലോലുപന്മാർ. 7

അശക്തമാമെന്നുടെ ഹസ്തമെങ്ങീ?;-
യധഃസ്ഥിതോദ്ധാരണകൃത്യമെങ്ങോ?
ചളിയ്ക്കകത്താഴമൊരാനയെപ്പോയ്-
പ്പിടിച്ചുകേററാൻ കഴിയാനതാണോ. 8

6. മൃഗോപമന്മാർ—അവരാണ്, കന്നാലികൾ പോലെ നുകംവെയ്ക്കപ്പെടേണ്ടുന്നവർ. പെരുമക്കൃഷി=മേന്മ വിളയിയ്ക്കൽ. സഗർഭ്യർ=സഹോദരർ.

7. അനേക......പുണർന്നു—വേശ്യാസംഗത്തെ സൂചിപ്പിയ്ക്കുന്നു. സുഖലോലുപന്മാർക്കു പനിനീർതളിയ്ക്കലും മററും വേണമല്ലോ; ഇവർ സമസൃഷ്ടരുടെ ദുഃഖബാഷ്പത്തെയാണ് പനിനീരായി ഉപയോഗിയ്ക്കുന്നത്.

8. അധഃസ്ഥിതോദ്ധാരണം=താഴെ നില്ക്കുന്നവരെ മേല്പോട്ടുയർത്തൽ. തന്റെ വിനയം സൂചിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

കളത്തനമ്മാമമ്മ,മാത്മനാഥ
കദീജയും കീൎത്ത്യവശേഷരായ്പ്പോയ്;
ഞാനേകനെ;-ൻ ചുററുമൊരെട്ടുപത്ത-
ല്ലെ,ൻചോരയിൽത്തള്ളുവളൻ ഖഡ്ഗം." 9

ഇതൊക്കെയാവാം നിനവാ,യിരത്തി-
മുന്നൂറുകൊല്ലത്തിനു മുമ്പൊരിയ്ക്കൽ,
മെക്കായിലെക്കൈവഴിയൊന്നിലൂടേ
നടന്നുപോകും നബിതൻ മനസ്സിൽ. 10

"കില്ലില്ല, ഞാനെന്നുടെ ചോരകൊണ്ടു-
മിദ്ധൎമ്മസസ്യത്തെ നനച്ചുനോക്കും.
ആ മാതൃകാകൎഷകനായ ക്രിസ്തു-
വപ്പുണ്ണമല്ലോ ഭുവി ചെയ്തു കാട്ടീ. 11

അധൈൎയ്യമേ, നിൻകെട്ടമഞ്ഞു വീഴാ-
യ്കു,ഹമ്മദിൻ സഞ്ചരമായ നെഞ്ചിൽ.
ചന്ദ്രാൎക്കരെക്കൈകളിൽ വെച്ചുതന്നാൽ-
പ്പോലും നിറുത്തില്ല,വനിപ്രയത്നം!" 12

9. ആത്മനാഥ=പ്രിയപത്നി. കീൎത്ത്യവശേഷർ — കീൎത്തി മാത്രം അവശേഷിച്ചവർ— മരിച്ചുപോയവർ. എട്ടു.....ഖഡ്ഗം= തന്നെക്കൊല്ലാൻ എട്ടുപത്തു വാളുകളുള്ള തക്കം പാൎത്തിരിക്കുന്നുണ്ടു;

11. ചോര .....നനച്ചുനോക്കും—വേണ്ടിവന്നാൽ ഈ ധൎമ്മം പുലൎത്താനായി ജീവൻപോലും കളയും. ക്രിസ്തു— കരിശേററം ഓൎക്കുക.

Digitized By Kerala Sahitya Akademi

ഇത്തീപ്പു പേത്തും മൂരകീ മഹാന്റെ
പാഴ്ച്ചൊല്ലു തീണ്ടാത്ത ശുഭാധരത്തിൽ
ഓരോ പരിക്ലേശവുമീദൃശന്മാ-
ർക്കുച്ചൈസ്ഥിതിയ്ക്കുള്ള ചവുട്ടുകല്ലാം. 13

പെട്ടെന്നു പാൾശ്വങ്ങളിൽനിന്നു—ഹാ, ഹാ,—
മൺകോരിയിട്ടാർ ചില മുഷ്കരന്മാർ,
കൃതജ്ഞരെങ്കിൽ,കനകാഭിഷേകം
ചെയ്യേണ്ടതാമീഗ്ഗുരുവിൻ ശിരസ്സിൽ! 14

രജസ്തമോദോഷമകററി നാട്ടിൽ-
സ്സത്വം പരത്തുന്നൊരു സത്യവാനെ,
രജസ്സു വർഷിച്ചു നിറംകെടുത്താ-
നൊരുങ്ങിപോൽ, മർത്ത്യകലേ പിറന്നോർ! 15

12. ഖേദം=ധർമ്മഭ്രംശം കണ്ടിട്ടുള്ള സന്താപം. ജലത്തിൽ (പനിയിൽ) മഞ്ഞുതുള്ളികളുണ്ടല്ലോ. മുഹമ്മതിനെ അഹമ്മദെന്നും വിളിച്ചുവരുന്നു.

13. പരിക്ലേശം=ബുദ്ധിമുട്ടു്. പാഴ്ച്ചൊല്ലു്=അസത്യഭാഷണം. ഉച്ചൈസ്ഥിതി=മേല്പ്പട്ടേപ്പോകൽ; ഉന്നതി.

14. മുഷ്കരന്മാർ=മുരാളന്മാർ. നന്ദിയുള്ളവരാണെങ്കിൽ ഈ ആചാര്യനു കനകാഭിഷേകം ചെയ്യേണ്ടുന്ന കൂട്ടർ അദ്ദേഹത്തിന്റെ തലയിൽ മണ്ണുകോരിയിടുകയാണുണ്ടായതു്.

15. രജസ്സു്=രജോഗുണം; പൊടി എന്നും. സത്വം=സത്വഗുണം. നാട്ടിൽ രജസ്തമോദോഷങ്ങളകററി, സത്വഗുണത്തിന്റെ വെണ്മ പരത്തിപ്പോന്ന ഈ സത്യസന്ധന്റെ മേൽ

Digitized By Kerala Sahitya Akademi

മററെന്തു മന്നിൻ നിഴൽ പൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;
മിഥ്യാപവാദത്തിൽ മറഞ്ഞു സത്യ;-
മവിദ്യതൻ മൂടലിലായ് വിബോധം! 16

വിജ്ഞാനഗർഭം തിരുമൌലി തൊട്ടു
സന്മാർഗ്ഗസഞ്ചാരി പദംവരെയ്ക്കും
പാംസൂൽക്കരം പാററിയ ശുദ്ധിമാനെ-
പ്പാത്തങ്ങ തെമ്മാടികൾ ക്രൂക്കിയാർത്തു: 17

"അയ്യയ്യ മൺകൊണ്ടഭിഷിക്തനായി-
ക്കഴിഞ്ഞുവല്ലോ, മതസാവ്വഭൌമൻ;

പൊടി കോരിച്ചൊരിഞ്ഞു നിറംകെടുത്താൻ ശ്രമിച്ചവരും മരു ഷ്യരാണെപോൽ!

16. മററെന്തു=ഇതിൽ മററൊന്നും പറയാനില്ല: പ്രാവൃതം=മൂടപ്പെട്ടതു്. അവിദ്യ=അജ്ഞാനം. വിബോധം=ജ്ഞാനം. നിഴൽ പാററിയ ചന്ദ്രനും മററും പോലെയായി, മണ്ണിൽക്കുളിച്ച മുഹമ്മത്.

17. വിജ്ഞാന......വരെയ്ക്കും=ജ്ഞാനത്തിന്റെ വിളനിലമായ ശിരസ്സുതൊട്ടു സന്മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന കാൽവരെയ്ക്കും. പാംസൂൽക്കരം=പൊടിപടലം. ശുദ്ധിമാൻ.. പൊടി കൊണ്ടു മൂടിയിട്ടും അദ്ദേഹം ശുദ്ധിമാനായിരുന്നു!

18. അഭിഷിക്തൻ–അഭിഷേകം ചെയ്യപ്പെട്ടവൻ. മതസാവ്വഭൌമൻ=മതത്തിന്റെ ചക്രവൎത്തി. ജയശബ്ദം—ചക്രവൎത്തി

Digitized By Kerala Sahitya Akademi

മുഴക്കവിൻ ഛേ ജയശബ്ദമെങ്ങും:
വാഴട്ടെ,യിസ്സാം തിരുമേനി നീണാറം! 18

അന്നീ നരസ്നേഹി നമസ്കരിച്ചു
കിടന്നപോതി,ത്തിരുവങ്കഴുത്തിൽ
ഒരൊട്ടകത്തിൻ കുടൽമാല ചാൎത്തി-
പ്പാനേ ലഭിച്ചുള്ളു നമുക്ക ഭാഗ്യം! 19

മദോന്നതം, മററൊരു യേശുവാമീ
മതാധിരാജൻെറയുമുത്തമാംഗം
ശ്രീമുറംക്കിരീടാപ്പണയോഗ്യമല്ലോ;
കൎത്തവ്യകൎമ്മങ്ങളിൽ മന്ദർ നമ്മറം!" 20

ഇൗഷ്യൂളികൊണ്ടോ കളിയാക്കൽകൊണ്ടോ
മുഖാഭ മങ്ങാതെയഭംഗസത്വൻ,
മണ്ണിൽക്കളിച്ചോരു ഗജം കണക്കേ
മന്ദം നടന്നാത്മഗൃഹത്തിലെത്തി. 21

യുടെ അഭിഷേകം കഴിഞ്ഞാൽ ജയഘോഷം വേണമല്ലോ. അവർ പരിഹസിക്കുകയാണ്.

19. നരസ്നേഹി=മനുഷ്യസ്നേഹി. ഒരിക്കൽ നമസ്കരിക്കുന്ന മുഹമ്മദിൻെറ കഴുത്തിൽ തെമ്മാടികറം ഒട്ടകക്കുടൽമാല കൊണ്ടിടുകയുണ്ടായി.

20. മദോന്നതം=ഗവ്വംകൊണ്ടുയന്നതു്; ഉത്തമാംഗത്തിൻെറ വിശേഷണം. ഉത്തമാംഗം=തല. കൃസ്തുവിനെയെന്നപോലെ ഇവനെയും തിരുമുറംക്കിരീടം ചൂടിക്കാഞ്ഞ നമ്മറം മന്ദർ (=ബുദ്ധിഹീനർ) തന്നെ!

Digitized By Kerala Sahitya Akademi

ആമൗലിപാദം പൊടിമണ്ണു പുരണ്ട
പിതാവിനെക്കണ്ടതിവെമ്പലോടേ
താൻതാൻ കുളിപ്പിപ്പതിനായ് മുതിർന്നു
തണ്ണീർക്കുടംകൊണ്ടു,ഴലാണ്ടു പുത്രി: 22

പിടിച്ചിരുത്തി,ച്ചുളി പോക്കുവാനായ്-
പ്പകർന്നു കുംഭോദകമോട്ടുകൂടി,
താതന്റെ ഗാത്രങ്ങളിലാപതിച്ചു,
കുമാരിയാൾതൻ ചുടുകണ്ണുനീരും. 23

മാലാന്നു കേഴും മകളെത്തലോടി-
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ:-
"നിന്നച്ഛനെക്കാത്തരുളാതിരിക്കി-
ല്ലള്ളാവു; പാഴിൽക്കരയായ്ക കുഞ്ഞേ!" 24

21. മുഖാഭ=മുഖത്തിന്റെ ശോഭ. അഭംഗസത്വൻ=മുറിപ്പെടാത്ത മനക്കരുത്തോടുകൂടിയവൻ. മണ്ണിൽ കളിക്ക—നസ്സു മണ്ണിൽ കളിച്ച ഭാവമേ, നബിക്കു പൊടിയിൽ മുഴുകിയതിനാലുണ്ടായുള്ളു. മന്ദം—ആരെങ്കിലും കണ്ടാലോ എന്നു ശങ്കിച്ചു സ്വഗൃഹത്തിലേക്കു വെമ്പിനടന്നില്ല; പതുക്കെയേ നടന്നുള്ളുവെന്നു്.

22. ആമൗലിപാദം=മുടിമുതൽ അടിവരെ.

23. കുംഭോദകം=കുടത്തിലെ വെള്ളം. ഗാത്രങ്ങൾ=അവയവങ്ങൾ.

Digitized By Kerala Sahitya Akademi

# വിവാഹമോചനം

(അന്നനട)

1. പുരസ്ഥലേ കൃതപ്രണാമയായൊരു
പുരന്ധ്രിതൻ വ്യഥ പുരണ്ട വക്ത്രത്തിൽ
ഒരു ജിജ്ഞാസയാ പതിഞ്ഞിതേ,കാന്തേ
മരുവിന നബിയുടെ നയനങ്ങൾ.
വിറക്കൊള്ളും ഗളതലത്തോടെ,മ്മട്ടോ

1. പുരസ്ഥലേ=മുമ്പിൽ. കൃതപ്രണാമ=നമസ്കരിച്ചവൾ. പുരന്ധ്രി=കുലസ്ത്രീ വ്യഥ=ദുഃഖം. പുരണ്ട —മുഖത്തെല്ലായിടത്തും ദുഃഖം പതിഞ്ഞിരുന്നതിനാൽ അതു നിസ്സാരമല്ലെന്നു വ്യംഗ്യം. പുരന്ധ്രിഎന്നതുകൊണ്ട്, സ്വന്തം ഭാഗത്തുള്ള തെറ്റുകൊണ്ട് അങ്ങനെ വരാവുന്നതല്ലല്ലോ എന്നാഭിപ്രായം. അതുകൊണ്ടാണ് ജിജ്ഞാസയാ (ജിജ്ഞാസയോടുകൂടി) നോക്കി എന്നു പറഞ്ഞത്. ഏകാന്തേ=ഒറ്റയ്ക്കിരിക്കെ. വിറക്കൊള്ളും ഗളതലം=വിറക്കൊള്ളുന്ന കണ്ഠം. കതിപയാക്ഷരങ്ങളാൽ=ഏതാനും അക്ഷരങ്ങളാൽ. അവൾ നബിയോട് കേണപേക്ഷിച്ചു: പിതാക്കൾ (അച്ഛനമ്മമാർ) അന്ന് മുറുകെ കെട്ടിയ വിവാഹപാശ

Digitized By Kerala Sahitya Akademi

പുറപ്പെട്ട കതിപയാക്ഷരങ്ങളാൽ
അറിയിച്ചാളവാം:–"പിതാക്കളെന്നെങ്കൽ
മുറുകെക്കെട്ടിയ വിവാഹപാശത്തെ
മുറിച്ചുനീക്കി,യിത്തുറുങ്കിൽനിന്നെന്നെ
പ്പുറത്താക്കാൻ കനിഞ്ഞരുളുകെൻ പ്രഭോ!"
ഒരു സംഭ്രമത്തിൻ നിഴൽ പാഞ്ഞു, ധീര–
തരമായ മുഹമ്മദിൻ വദനത്തിൽ:
ഇരുദേഹികളെയിണക്കിക്കെട്ടിയ
പരിണയപ്പെട്ടുചരടിനെ സ്വയം
വലിച്ചുപൊട്ടിച്ചുകളകയോ, കരാം–
ച്ചലിപ്പിന്നു കീഴ്പെട്ട,വരിൽവെച്ചോരാഠം!

ത്തെ (വിവാഹബന്ധമാകുന്ന ചരടിനെ) മുറിച്ചുനീക്കി തന്നെ സ്വാതന്ത്ര്യയാക്കണം. മുറുകെക്കെട്ടിയ — അതൊരിക്കലും അഴിയില്ലെന്നും അഴിയാൻ പാടില്ലെന്നും അവർ കരുതിയിരുന്നുവെന്നു സ്പഷ്ടം. തുറുങ്ക്—വിവാഹബന്ധം അവൾക്കൊരു കൽത്തുറുങ്കായിത്തീർന്നു. അസ്വാതന്ത്ര്യതയാണ് അവളെ വിഷമിപ്പിച്ചിരുന്നതെന്നു വ്യക്തം.

2. ധീരതരമായ.........വദനത്തിൽ—വാസ്തവത്തിൽ ആ സംഭ്രമത്തിന്റെ നിഴൽ ആ ധീരമുഖത്തു വീശാൻ ന്യായമുണ്ടായിരുന്നു; എങ്കിലും അങ്ങനെയൊന്നുണ്ടായതു് സംഭവത്തിന്റെ ഗൌരവത്തെ കാണിക്കുന്നു. പരിണയപ്പെട്ടുചരട്—താലികെട്ടിനെ ഓർക്കുക. അതു വലിച്ചു പൊട്ടിച്ചുകളയാൻ വൈധവ്യം സ്വയം വരിക്കാൻ ഒരുങ്ങുന്നു, അവൾ! അവിച്ഛേദ്യം=മുറിക്കാൻ കഴിയാത്തതു്. സ്വവർഗ്ഗധർമ്മാനുഗുണചരിത=സ്വന്തം വർഗ്ഗ(സ്വ

Digitized By Kerala Sahitya Akademi

അവിച്ഛേദ്യമായുള്ളൊരു ബന്ധമല്ലോ
വിവാഹമെന്നതു പുരുഷനും സ്ത്രീയ്ക്കും;
സ്വവർഗ്ഗധർമ്മാനുഗുണചരിതയാ-
മിവൾക്കെന്തൊണിപ്പോൾ മറിച്ചു തോന്നുവാൻ?
അരുൾ ചെയ്താൻ ഗുരു:-"വരിയുമല്ലോ, നിൻ
പരിണേതാവായ ഖയീസ്സിനെയീ ഞാൻ;
വിരൂപനല്ലവൻ, വിമൂഢനല്ലവൻ,
ദരിദ്രനല്ലവൻ, പിശുക്കനല്ലവൻ;
തരുണനും പ്രേമപ്രവണനുമല്ലോ
പിരിയുന്നതെന്തിന്നവനിൽനിന്നു നീ?"

3. നിതംബിനിയുടെ നിഭൃതമാം മുഖം,
നിറം പകർന്നതാ കുനിഞ്ഞു പേർത്തുമേ,
നിജവിവക്ഷിതം മനസ്സിൻെറയടി-
നിലത്താണ്ടു കിടപ്പതിങ്ങെടുക്കാനോ!

മുഹമ്മദിയന്മാരുടെ ധർമ്മത്തിന്നനുസരിച്ചു നടത്തത്തോടുകൂടിയവൾ..
ഇങ്ങനെയുള്ള അവൾക്ക് ഇതു പൊട്ടിച്ചുകളയാൻ എന്തായിരി
ക്കാം കാരണം? പരിണേതാവ്=ഭർത്താവ്. ഖയീസ്സ്—അവളു
ടെ ഭർത്താവിൻെറ പേർ. പ്രേമപ്രവണൻ=പ്രേമതൽപരൻ.

3. നിതംബിനി=സുന്ദരി. നിഭൃതം=ശാന്തം. അവളുടെ മുഖ
ഭാവം പെട്ടെന്നുമാറി, അവൾ കീഴ്പോട്ടു നോക്കി. അതു ക
ണ്ടാൽ നിജവിവക്ഷിതം (തൻെറ മനസ്സിലുള്ളത്—പറയാനാഗ്ര
ഹിക്കുന്നത്) മനസ്സിൻെറ അടിത്തട്ടിൽനിന്നെടുക്കാനായിരുന്നു
വോ എന്നു തോന്നും! കാട്ടിൽപ്പറക്കലേ......സുഖം—ക്ലിട്ടിലിട്ട



Digitized By Kerala Sahitya Akademi

അരിപ്പൊന്നിൻ കൂടാണിരിപ്പിടം; തേനും
നറും പാലും പൂവമ്പഴവുമാഹാരം;
പരക്കെ ലാളനം കിടയ്ക്കിലും, കാട്ടിൽ-
പ്പറക്കലേ പച്ചക്കിളിയ്ക്കൊരു സുഖം:
ഇവറ്റക്ക മറെറാന്നും പറവാനില്ല പോൽ:
വിവാഹത്തിൽനിന്ന വിരുതി കിട്ടണം!

4. കുലീനയും ശീലാവതിയുമാണിവാം
മലിനവൃത്തയല്ല,രാഗയുമല്ല;
പതിയൊരു മയിൽ, മരാളി പത്നി,യെ-
ന്നതിനാലോ. ബാലയ്ക്കുകലുവാൻ തോന്നി?

കിളിയ്ക്ക് പാലും തേനും പഴവും ഒക്കെ കിട്ടുന്നുണ്ട്; കൂട് പൊന്നുകൊണ്ടുള്ളതാണ്. എങ്കിലും സ്വതന്ത്രമായി ആകാശത്തിൽ പറക്കാൻ സാധിച്ചാലേ അതിന്നു സുഖമുള്ളു. പച്ചക്കിളി—മുഹമ്മദീയർ പ്രേയസിയെ വിളിയ്ക്കുന്നതിനെ അനുസ്മരിപ്പിയ്ക്കുന്നു. ഇവറ്റക്ക മറെറാന്നും പറയാനില്ലപോൽ—മറ്റൊന്നുമല്ല ആവശ്യം, വിവാഹത്തിൽനിന്ന വിരുതി കിട്ടണമെന്നുമാത്രമാണ്.

4. മലിനവൃത്ത=ദുർവൃത്ത. അരാഗ=സ്നേഹമില്ലാത്തവൾ. മരാളി=അരയന്നപ്പിട. ഭർത്താവു മയിലിനെപ്പോലെയും ഭാര്യ അരയന്നത്തിനെപ്പോലെയും ആണെന്നതായിരിക്കുമോ, ഭർത്താവിൽനിന്നു പിരിയുവാൻ ഇവറ്റക്ക തോന്നിച്ചത്? ബാല—പെൺകിടാവ്. പെൺകിടാങ്ങളാകുമ്പോൾ ബുദ്ധിയുറച്ചിരിയ്ക്കാൻ വഴിയില്ലല്ലോ എന്നഭിപ്രായം. ദയാവശഗൻ=ദയയ്ക്കു വശപ്പെട്ടവൻ. വളർപുരികം=വലിയ പുരികം. മഹാത്മാക്കളുടെ ലക്ഷണം: പാതിയടഞ്ഞു കണ്ണുകൾ—

Digitized By Kerala Sahitya Akademi

ദയാവശഗനു വളർപുരികമൊ-
ന്നയൻ, പാതിയുമടഞ്ഞു കണ്ണുകാം;
നിനവിതാണെന്ന വരാമവിട്ടത്തെ-
യ്യനഘോദാരമാമകക്കാമ്പിലപ്പോഠം;-
"ഗൃഹദേവതയെക്കളിപ്പാവയാക്കി
വിഹരിപ്പും പ്രിയസഹോദരന്മാരേ,
ഹഹ, തരിമ്പുമൊന്നറിയതിട്ടണോ നാം
മഹിളയാകുന്ന നിഗൂഢവസ്തുവെ?"
ജമിലയെ—ഇതാണവളുടെ നാമം—
സമാശ്വസിപ്പിച്ചാനൊട്ടവിലാ മഹാൻ:-

ധ്യാനത്തിൽപ്പെട്ടുവെന്നഭിപ്രായം. അനഘോദാരം=കളങ്കമററതും ശ്രേഷ്ഠവുമായത്. ആ മുഹൂർത്തത്തിൻെറ മനസ്സിലുണ്ടായ വിചാരം ഇതായിരിയ്ക്കുമെന്ന് കവി പറയുന്നു: ഗൃഹദേവത=ഗൃഹലക്ഷ്മി. സ്ത്രീ ഗൃഹത്തിൻെറ ലക്ഷ്മിയാണെന്നാണ് ഹിന്തുക്കളായ ആചാര്യന്മാർ പറഞ്ഞിട്ടുള്ളത്. മഹിള......വസ്തുവെ—സ്ത്രീയെന്ന നിഗൂഢവസ്തുവെ യഥാർത്ഥത്തിൽ അറിഞ്ഞവർ അതിനെ വെറും കളിപ്പാവയാക്കി ഉപയോഗിയ്ക്കില്ല. അതിനെ ആദരിയ്ക്കുകയും പൂജിയ്ക്കുകയും ചെയ്യും! "യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ" (സ്ത്രീകൾ പൂജിയ്ക്കപ്പെടുന്നേടത്ത് ദേവകരം കളിയാടുന്നു.) എന്ന ആപ്തവചനം ഓർക്കുക.

ഒടുവിൽ നബിപ്രവാചകൻ ജമീലയെ ഇങ്ങനെ ആശ്വസിപ്പിച്ചു: ഭർത്താവ് വിവാഹം കഴിയ്ക്കുമ്പോഠം കൊടുത്ത പതിനാറായിരം പണം മടക്കിക്കൊടുത്താൽ നീ സ്വതന്ത്രയായി. നിൻെറ

Digitized By Kerala Sahitya Akademi

"പതിനാറായിരം പണം തന്നിട്ടില്ലേ
പതി നിനക്കു; ഉ തിരിച്ചേകിയേച്ചാൽ
സ്വതന്ത്രത നിന്റെ സഖിയായിക്കൊള്ളു-
മിതാ, വിടുത്തു നിൻ വിവാഹബന്ധം ഞാൻ!"

വിവാഹബന്ധം ഇതാ ഞാൻ വിടുത്തിത്തരുന്നു." സ്ത്രീയെ വിലക്കു വാങ്ങുന്ന സമ്പ്രദായമാണ് അന്നു നിലനിന്നിരുന്നത്. ആ വില തിരിച്ചുകൊടുത്താൽ വിവാഹബന്ധം വിടുത്താമെന്നായിരുന്നു വ്യവസ്ഥ. മുഹമ്മദീയരുടെ ഇടയിൽ ഇന്നും ഈ ആചാരം നിലവിലുണ്ടെന്നു തോന്നുന്നു.

Digitized By Kerala Sahitya Akademi

# ജാതകം തിരുത്തി

1. ഉമർ, ഭവാനൂരിയ വാളൊടേവനെ-
സ്സമാക്രമിപ്പാൻ നടകൊൾവു സത്വരം?
ക്ഷമായുധംകൊണ്ടരിശത്തെ വെല്ലുകയാം
സുമാനുഷക്കേറ്റ ജയം ജഗത്തിതിൽ,

1. ശ്രീമുഹമ്മദുനബി ലോകത്തിൽ മതം പ്രചരിപ്പിച്ചുകൊണ്ടിരിക്കേ, അക്കാലത്തുള്ള തുലോം മാന്യനായ 'ഉമർ' എന്ന ഒരു നാട്ടുപ്രമാണി, ആ ഗുരുപാദരെ തെററിദ്ധരിച്ച് അദ്ദേഹത്തെ ഹിംസിക്കുവാൻ പുറപ്പെടുന്നതു കണ്ടു കവി, താൻതന്നെ ഉമറിന്റെ മുമ്പിൽച്ചെന്ന് അയാളെ സമാധാനിപ്പിക്കാൻ നോക്കുന്നു: സത്വരം=വേമ്പലോടേ. ക്ഷമായുധം=ക്ഷമയാകുന്ന ആയുധം. യാതൊന്നിന്റെ പ്രേരണയാലാണോ നീ ഈ സാഹസത്തിനൊരുമ്പെട്ടത്, ആ അരിശത്തെയാണ് നീ ജയിക്കേണ്ടത്.

2. ആ അരിശം എന്തുചെയ്യും എന്ന്: കരസ്ഥകേളീമുകുരം=കയ്യിലെ കളിക്കണ്ണാടി. നിന്റെ മുഖത്തിൽ, മനസ്സിലുള്ള

Digitized By Kerala Sahitya Akademi

2. കരാംക്കകം മേവിന ശാന്തിലക്ഷ്മിതൻ
കരസ്ഥകേളീമുകരം ഭവാനനം;
വിരഞ്ഞതിങ്കൾസ്ഥിവദന, ചുകന്ന ക-
ല്ലുരച്ചു തേച്ചാനൊരമഷമക്കടൻ!

3. ചിരന്തനാമ്നായകശീലനാഘമി
സ്സരന്മഹാസത്തപഗ്ഗണം ഭവാധരം
ദുരന്തമാം ക്രോധപിശാചമന്ത്രമോ
പരം ജപിക്കേണ്ടതധീരമാം വിധം?

4. സ്തുതിച്ചുകൊണ്ടെതൊരു കണ്ഠസീമ്നി തേ-
ന്നതിന്ന നീലോൽപലമാല ചാർത്തണം,
അതിങ്കലിപ്പാമ്പെതിർവാം മയക്കവാൻ
മുതിർന്നുവല്ലോ മുഴപാപി പോലെ നീ!

ശാന്തത പ്രതിഫലിച്ചു കാൺമാനുണ്ട് എന്നു താല്പര്യം. വിരഞ്ഞ്="വിറളി" പിടിച്ച്. അമഷം=ക്രോധം. കുരങ്ങുകൾ മുഖത്തു ചുകന്ന കല്ലുരച്ചു തേയ്ക്കാറുണ്ട്. കോപത്താൽ മുഖം ചുകന്നിരിക്കുന്നു. "...കുരങ്ങന്മാരെപ്പോലെ നിന്ദിക്കപ്പെട്ടും..." (കുറാൻ)

3. കോപത്താൽ ചുണ്ട് വിറയ്ക്കുകയും ചെയ്യുന്നു. സത്ഗുണം മേന്മേൽ സ്ഫുരിക്കുന്നതും, പുരാതനമായ വേദത്തെ ഉരുവിടേണ്ടതുമായ നിന്റെ ചുണ്ട്, ധൈര്യമില്ലാതെ ക്രോധപ്പിശാചിന്റെ ആപൽക്കരമായ മന്ത്രമാണോ ജപിക്കേണ്ടത്?

4. കണ്ഠസീമ്നി=കഴുത്തിൽ. നീലോൽപലം=കരിംകുവളപ്പൂവ്.

Digitized By Kerala Sahitya Akademi

5. അഹർമ്മുഖപ്പൊൻകതിർപോലെ പോന്നവൻ
മുഹമ്മദ;-പ്പേരിനിതാ; നമസ്കൃതം!—
സ്വഹസ്തവാളായ തമിസ്രരേഖയാ
മഹസ്സിനെന്തൂന?-മുമോപ്പതില്ല നീ.

6. അതല്ല തെററന്തു നബിയ്ക്കു: ജീവനാ-
മൃതം മൃതക്കായിഹ കൊണ്ടുവന്നതോ?
മതസ്ഥിതൻ നിന്നോടു സത്യമൂർത്തിതൻ
സ്വതന്ത്രസന്ദേശമുരച്ചിടുന്നതോ?

7. ഫലം പെറും പാരിതെവൻെറ തോട്ടമു-
ജ്ജ്വലർക്ഷമാം വാനമതെവൻെറ പൂവനം,
അലംഘ്യഭ്രൂമാവവനോ, ദൃഢം തവാ-
വലംബമെന്നൊന്നുരചെയ്തുപോയതോ?

5. നീ ചെന്നെത്തിയാലും, ആ ഗുരുവിനു ഹാനിയൊന്നും പററില്ലതാനും. അഹ ..... തിർ=പ്രഭാതത്തിലെ പൊന്നുപോലുള്ള രശ്മി. പോന്നവൻ=ശക്തൻ; അവതരിച്ചവൻ. സ്വഹ ......തൈ=തൻെറ കയ്യിലുള്ള വാളുകൊണ്ടു നേരിയ ..... മഹസ്സ്=തേജസ്സ്.

6. ജീവനാമൃതം=ജീവിപ്പാനുള്ള അമൃത്—മതം. മൃതർ—അജ്ഞാനത്താൽ മൃതതുല്യർ. തിരുവല്ലാഹ്, ലോകത്തോടുള്ള തൻെറ സന്ദേശം മുഹമ്മദുനബിയോടു ഗോപിട്ടതളിയിട്ടുണ്ടപോൽ.

7. ഉജ്ജ്വലർക്ഷം=മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളോടുകൂടിയത്. അലംഘ്യഭ്രൂമാവ്=അടക്കാൻ കഴിയാത്ത മഹിമയോടുകൂടിയവൻ. അവലംബം=ആശ്രയം. 'ഭൂരാജ്യവും ആകാശരാജ്യ.

Digitized By Kerala Sahitya Akademi

8. 'പാരുഷ്യമാക്കുന്ന പിശാചധർമ്മമീ
നരൻ നടത്തു'ന്നസഹിഷ്ണു നീയഹോ,
പരന്റെ ചോരയ്ക്കസിനാവു നീട്ടി നിർ-
ഭരം കുതിയ്ക്കുന്ന പിശാചിനൊപ്പമേ!

9. 'ഒഴുക്കിടൊല്ലാ സമസൃഷ്ടരക്ത'മെ-
ന്നഴക്കറുംമാററമാംചെയ്യവന്റെ താൻ
കഴുത്തിൽനിന്നാകണമോ, സുവിഭ്രമം
മുഴുത്ത നിൻവാളിനു കുങ്കുമാർപ്പണം!

10. വരൂ സഖേ സോദര, പിന്തിരിയ്ക്കുകീ-
ഗ്ഗുരുദ്രോഹദ്രോഹപഥത്തിൽനിന്നു നീ;

വും അല്ലാഹിന്റേതാണ്: അവനൊഴിഞ്ഞു രക്ഷിതാവില്ല'. (കുറാൻ).

8. അസഹിഷ്ണു=(നബിയുടെ മതപ്രസംഗം) സഹിയ്ക്കാത്തവൻ. അസി=വാൾ. നിർഭരം=ഏററവും. ഒരാൾ പിശാചിന്റെ പ്രവൃത്തി ചെയ്യുന്നുവെന്നു പറഞ്ഞ് അരിശംകൊള്ളുന്ന നീയാണ്, വാസ്തവത്തിൽ ഇപ്പോൾ പിശാചിന്നൊത്ത പ്രവൃത്തി ചെയ്യുന്നത്.

9. സുവിഭ്രമം=ഭ്രാന്ത്; ശൃംഗാരലീല എന്നും. കുങ്കുമാർപ്പണം=കുങ്കുമം പൂശൽ. 'നിങ്ങൾ നിങ്ങളുടെ രക്തം ചിന്തുകയും ...ചെയ്യരുത്' എന്ന കുറാൻവാക്യം ഓർക്കുക.

10. ഗുരു......ഥം=ഉത്തമനായ ഗുരുവിനെ ദ്രോഹിയ്ക്കാനുള്ള വഴി. നിരൂപിയാതെ=ആലോചിയാതെ. പുരുത്സവം=ക

Digitized By Kerala Sahitya Akademi

ന്തിരുപ്പിയാതേ നരകം വരിയ്ക്കുയോ,
പുത്രോത്സവം വിണ്ണവർകാംവോനിൽനിന്നു നാം?

11. തിരിഞ്ഞുനോക്കാതെയവൻ വിവേകമായ്_
പ്പിരിഞ്ഞിരുട്ടത്തുഴറിഗ്ഗമിയ്ക്കവേ,
ശരിയ്ക്കു വീക്ഷിച്ചിതു സർവ്വസാക്ഷിതൻ
വിരിഞ്ഞ രാക്കണ്ണുകൾ വാനിൽനിന്നഹോ!

12. കടുത്ത ജിന്നിൻവിളി കേട്ട സൽഗുരു_
ക്കൊടുംകൊലയ്ക്കല്ലിലവൻ കുതിയ്ക്കവേ,
അടുത്തു ഖദ്യോതമിഷേണ, പാപിയെ_
ച്ചുടുന്ന ചെന്തീപ്പൊരി പാറി ചുറ്റുമേ!

ഹോത്സവത്തോടേ. വിണ്ണവർകാംവോൻ=സ്വർഗ്ഗത്തെ തരുന്നവൻ.

11. എന്നു പറഞ്ഞിട്ടും അയാൾ പിന്തിരിഞ്ഞു നോക്കിയതേ ഇല്ല. വിവേകം=കാര്യാകാര്യവിചാരം. സർവ്വസാക്ഷി= എല്ലാം നോക്കിക്കാണുന്നവൻ. 'നിങ്ങൾ ചെയ്യുന്ന എന്തിലും അല്ലാഹിന്റെ നോട്ടമുണ്ട്.' (കുറാൻ) രാക്കണ്ണുകൾ=രാത്രിയിലെ കണ്ണുകൾ—നക്ഷത്രങ്ങൾ.

12. ജിന്ന്=പിശാച്. ഖദ്യോതമിഷേണ=മിന്നാമിനുങ്ങെന്ന വ്യാജേന. മുഹമ്മദീയർക്കു നരകം അഗ്നിമയമാണ്. 'പാപം ചെയ്യുന്നവരാകുന്നു തീയിൽ=(നരകത്തിൽ) വസിയ്ക്കുന്നവർ'. (കുറാൻ)

13; 14. മരുപ്പറമ്പാമുലകം—സംഭവം നടക്കുന്ന അറേബ്യരാജ്യം മരുഭൂമികൾ വളരെയുള്ളതാണെന്നോർക്കുക. പാന്ഥർ—ജീ

Digitized By Kerala Sahitya Akademi

13. പെരുത്ത ത്തുററാണ്ടിനിടയ്ക്കൊരിയ്ക്കലീ-
മരുപ്പുറമ്പാമുലകത്തിലീശ്വരൻ
ഒരൊററ വൃക്ഷത്തെ നട്ടന്നു, പാന്ഥരായ്
വരുന്നവൎക്കൊത്തമവിശ്രമത്തിനായ്;

14. ഭൃശാഭിമാനാലവരോ, കൃതാഗ്നര-
സ്സുശാഖിതൻ നേൎക്കു കഠാരി വെയ്ക്കയായ്:
നിശാതമയ്യോ, തവ തൃഷ്ണ, ക്രിസ്തുവിൻ-
പ്രശാന്തരക്തത്തെ നുകൎന്നു ലോകമേ!

15. അശീതനിശ്വാസമൊടാശ്ശു പോകുമാ-
വശീന്ദ്രസംഹാരപരൻ വഴിയ്ക്കുതാ,
നിശീഥനിസ്തബ്ധതയെസ്സുഖോചിതം
കൃശീകരിയ്ക്കുന്നൊരു പാട്ടു കേട്ടിതേ!

വിതയാത്രക്കാർ. ഭൃശാഭിമാനാൽ=മുഴുത്ത അഭിമാനം (തങ്ങളേക്കാരം മേലേ ഒന്നില്ലെന്ന അഹങ്കാരം) മൂലം. സുശാഖി=നല്ല വൃക്ഷം. നിശാതം=മൂച്ചുകൂടിയത്. തൃഷ്ണ=വിഷയസുഖലമ്പടത; ദാഹം എന്നും. ഈ പാഴ്മരുവിലെ യാത്രക്കാർ തന്നെയാണല്ലോ, മുമ്പു കൃസ്തുവിൻെറ ചോര കുടിച്ചതും (അദ്ദേഹത്തെ ക്രൂശിന്മേൽ തറച്ചതും.)

15. അശീതനിശ്വാസം=ചുടുവീൎപ്പ്. വശീ......രൻ=ആത്മസംയമികളിൽ അഗ്രേസരനായ നബിയെ സംഹരിപ്പാനൊരുങ്ങിയവൻ. നിശീഥം=അദ്ധരാത്രി. സുഖോചിതം=സുഖം തരുംവിധം. കൃശീകരിയ്ക്കു=കുറയ്ക്കുക.

Digitized By Kerala Sahitya Akademi

16. പരാർദ്ധ്യമാമപ്പുതുസൂക്തസപ്തക-
സ്വരാഢ്യമാഹമ്മദവേദഗീതിയിൽ
സ്ഥിരാദരാൽ വീർപ്പുമടക്കി നിന്നിതോ
മരാമരംപോലെ സമീരണം തദ

17. ഉടൻപോയ് തന്നളിയന്റെ വീട്ടിലും
സ്ഫുടം കഠോരവായനയെന്നു കണ്ടുടൻ
വിടർന്ന കണ്ണാൽച്ചുടുതീയുതിർത്തവൻ
കടന്നിതങ്ങോട്ടു കരാളരൂപനായ്.

18. പരന്ന വാളോങ്ങി യമാഭനാമുമർ
വരുന്നതീക്ഷിച്ചഥ, തന്റെ ജീവനെ
ഇരുട്ടിലെങ്ങാനമൊളിച്ചുവെയ്ക്കുവാൻ
തെരുന്നനെപ്പാഞ്ഞു മറഞ്ഞു ഗായകൻ!

16. പരാർദ്ധ്യം=പ്രധാനിയം. പുതു..... ഗീതി=പുതിയതും, മെക്കായിൽവെച്ചു അറിയപ്പെട്ട ഏഴു സൂക്തങ്ങ(മഹാവാക്യങ്ങ)ളാകുന്ന സപ്തസാരം ഇണങ്ങിയതുമായ മുഹമ്മദീയവേദം പാടൽ. സ്ഥിരാദരാൽ=ഉറച്ച ആദരവോടേ. മരാമരം=വലിയമരം.

17. ഉമാറിന്റെ സോദരീഭർത്തൃഗൃഹത്തിൽനിന്നാണ് ഈ പാട്ടു കേട്ടത്. കരാളരൂപൻ=ഭയങ്കരമായ ആകൃതിയോടു കൂടിയവൻ.

18. യമാഭൻ=അന്തകനെപ്പോലുള്ളവൻ.

Digitized By Kerala Sahitya Akademi

19. വരൻ ഭയപ്പെട്ടു പകച്ചു നില്ക്കവേ,
പുരന്ധ്രിയാം 'ഫാത്തിമ' പുണ്യശീലയാം
ഒരൻപെഴും പുഞ്ചിരിയായ പൂവിനാൽ
പുരഃസ്ഥനാം മൃത്യുവിനർച്ച നല്കിനാൾ!

20. വളം മനോജന്നരുളുന്ന യൌവന-
പ്പുളപ്പിലും ശാന്തത പൂണ്ട തന്മുഖം
മിളത്സരോമാഞ്ചകപോലപാളിയായ്
വിളങ്ങി, വേദശ്രവണോത്ഥഭക്തിയാൽ.

21. 'പരം പവിത്രം തവ ദീർഘദർശിതൻ
ശിരസ്സു കൊയ്യുന്നതിനുള്ള വാളിതു;
അരക്ക, മുല്പ്പാടിതു നിൻെറ ശോണിതോൽ-
ക്കരത്തിൽ മുക്കിക്കഴുകുന്നതുണ്ടു ഞാൻ'.

19. പാടിയിരുന്നവൻ ഇരുട്ടിലെങ്ങോ പോയൊളിച്ചു; അളിയനാകട്ടെ, പേടിച്ചു നില്പായി. പുരന്ധ്രി=പത്നി. പുരഃസ്ഥനാം മൃത്യു=മുമ്പിൽ വന്നെത്തിയ മരണം—ഘാതകനായി വന്ന ഉമാർ. അർച്ച=പൂജ.

20. മിള......ളി=രോമാഞ്ചം പൂണ്ട കവിൾത്തടത്തോടു കൂടിയതായി. വേദ...ക്തി=വേദം കേട്ടുണ്ടായ ഭക്തി.

21. പരം പവിത്രം=ഏററവും പരിശുദ്ധം. ദീർഘദർശി=(തത്ത്വമറിയുന്നവൻ) നബി. അരക്കൻ=രാക്ഷസൻ. മുൽപ്പാട്=മുമ്പേ. ശോണിതോൽക്കരം=രക്തപ്രവാഹം. നിൻെറ നബിയുടെ പരിശുദ്ധമായ കഴുത്തിൽ വയ്ക്കുന്നതിനു മുമ്പു ഈ വാൾ കഴുകി ശുദ്ധമാക്കിക്കളയാം എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

ഇതിൻവണ്ണം ഗർജ്ജിച്ചതിഥി ഗൃഹനേ-
താവിനെതിരായ്-
പ്പതിപ്പിച്ചാൻ ഖഡ്ഗം; പ്രണയിനി തട്ട-
ത്താളതിടയിൽ;
അതിൽപ്പൊൻപൂമെയ്യിന്നഹഹ, മുറിപ്പെ-
ട്ടക്കിലൊഴുകീ,
സതീത്വത്തിന്നാത്മേശ്വരനിലിയലും
രാഗവിഭവം!

23. ക്ഷീണം മെയ്യും മനസ്സും വല്ലണയുണരുമമാ-
ക്കസ്രുപാതക്ഷണത്തിൽ;-
കാണപ്പെട്ടില്ല സാധ്വിയ്ക്കഴകുടയ മുഖ-
ത്തല്പവും ഭാവഭേദം!

22. ഗൃഹനേതാവ് = ഗൃഹസ്ഥൻ. ആത്മേശ്വരൻ = പ്രാണപ്രിയനായ ഭർത്താവ്. രാഗവിഭവം = അനുരാഗസമ്പത്ത്. ഭർത്താവിനെ രക്ഷിപ്പാൻ ചെയ്ക്കിയ കൃത്യം, അയാളിലുള്ള അനുരാഗം തന്നെ।

3. ക്ഷീണം = തളർന്ന. (വിധേയം) അസ്രുപാതക്ഷണത്തിൽ = ചോര വാർന്ന ഉടനെ. മറ്റുള്ള പാത്രങ്ങളെങ്കിലും, ഉമക്കണ്ണ് തളച്ചു പറയുന്നത്; പാത്രങ്ങളെല്ലാം, ഒരു ഭാവഭേദവുമുണ്ടായില്ല! സഹ..... ജ്ഞാ—ജ്യേഷ്ഠന്റെ (ഉമാറിന്റെ) പ്രകൃതം മാറി.

Digitized By Kerala Sahitya Akademi

'പ്രാണൻ പോയാലുമിസ്ലാംമതമിതു വെടിയാ
ഞങ്ങളെ'ന്നാടും മണിപ്പൊൻ–
വീണയ്യോക്കും സ്വരത്തോടവാം; സഹജനതാ,
മറ്റൊരാളായ് ച്ചമഞ്ഞു:

24. മങ്കപ്പൂൺപോട്ട് 'മാപ്പെ'ന്ന,വനരിയ കുറാൻ–
ഗ്രന്ഥമത്ഥിച്ചു. ഹിംസാ–
പങ്കം പോക്കാൻ ജലത്താൽക്കഴുകിയ കരതാർ–
കൊണ്ടു മേടിച്ചു ഭാര്യാ—
തങ്കം പോലാം വിളക്കിൻതിരികളും നിട്ടമായ്
നിന്നകത്തീ —സവിധ–
ത്തിങ്കൽക്കാൽമുട്ടു കുത്തിപ്പെരുതുരു നബിയാം
ദേവനെക്കൈവണങ്ങി!

25. വിരുദ്ധമതി വിട്ടൊഴിഞ്ഞ ഉ–
ദിനം മുതല്ക്കാസ്ഥയാ
ഗുരുത്തലവനെബ്ഭജിച്ചനഘ–
ശിഷ്യനായാനയാം;

24. ഹിംസാപങ്കം=ഹിംസ(മുറിപ്പെടുത്തൽ)കൊണ്ടുണ്ടായ അഴുക്ക് (പാപം). അയാളുടെ ഈ ഹൃദയമാററത്തിൽ സന്തോഷിച്ചു വിളക്കുകൂടി ആശ്ചര്യസ്തബ്ധമായി എന്നു സൂചിപ്പിക്കുന്നു. 'തങ്കം .......കത്തി' അന്തർഭാവിതവാക്യം.

25. വിരുദ്ധമതി=വിപരീതബുദ്ധി. ആസ്ഥയാ=ഭക്തിശ്രദ്ധകളോടുകൂടി. അനഘൻ=പാപമറ്റവൻ. മുൻജാതകം—

Digitized By Kerala Sahitya Akademi

പെരുത്തു മൊഴിയെന്തിനു, സ്സുതി
തെളിഞ്ഞ തൻചോരയാൽ-
ത്തിരുത്തിയെഴുതീ ക്ഷണാൽ സഹ-
ഭവന്റെ മുൻജാതകം!

മുഹമ്മദീയ മതത്തിനു വിരോധിയായിരിയ്ക്കുമെന്നുള്ളത്—അയാളുടെ സ്വഭാവം മുഴുവൻ എന്നർത്ഥം. നബിയുടെ മുഖ്യശിഷ്യനായിത്തീർന്ന ഈ ഉമാറത്രെ, ഒന്നാമത്തെ ഖലീഫ് (മുഹമ്മദീയരുടെ വൈദികശ്രേഷ്ഠൻ).

---

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi